ശ്രീ രാം ചന്ദ്ര മിഷൻ®

സ്വകാര്യ പ്രചരണത്തിനു മാത്രം

ECHOES INDIA

മാർച്ച് 2013 വാല്യം 6 ലക്കം 2

# മാസ്റ്ററുടെ വാർത്തകൾ



## ജനുവരി 2013

'ഗായത്രി'യിലായിരുന്ന മാസ്റ്റർ തന്റെ പതിവ് ദിനചര്യകളിലൂടെ കടന്ന്പോയി. ഗായത്രിയിൽ എല്ലാ ദിവസവും വൈകുന്നേരം സത്സംഗം നടക്കാറുണ്ടായിരുന്നു. ഇതിൽ ചിലതെല്ലാം മാസ്റ്ററായിരുന്നു നൽകിയിരുന്നത്. അല്ലാത്തപക്ഷം ഏതെങ്കിലും പ്രിസപ്റ്ററെ നിയോഗിക്കും.ജനുവരി നാലിന് മാസ്റ്റർ ഒരു സിനിമ കാണുക യായിരുന്നു.രാത്രി പതിനൊന്നര വരെ സിനിമ നീണ്ടിട്ടും മാസ്റ്റർ ഉറങ്ങാനുള്ള ഭാവ മുണ്ടായിരുന്നില്ല. അദ്ദേഹം തന്റെ പേരക്കുട്ടി, മാധുരി യു.കെയിൽ എത്തിച്ചേരാൻ കാത്തിരിക്കുക യായിരുന്നുവെന്ന് പിന്നീടാണെല്ലാവർക്കും മനസ്സിലായത്. പേരക്കുട്ടിയോട് സംസാരിച്ചതിനു ശേഷം മാസ്റ്റർ പന്ത്രണ്ടരയ്ക്ക് ഉറങ്ങാൻ കിടന്നു.

മാസ്റ്റർ തനിക്കുവരുന്ന ഈമെയിലുകൾ പരിശോധിക്കുവാൻ തുടങ്ങിയിരിക്കുന്നു. ചില ദിവസങ്ങളിൽ അദ്ദേഹം 2 മണിക്കൂർ വരെ ഇതിനായി ചെലവഴിക്കാറുണ്ട്. 'വനത്തിനുള്ളിൽ അറുപത് വർഷം' എന്ന ബിബിസിയുടെ 3 ഭാഗങ്ങളിലുള്ള ഒരു ഡോക്യുമെന്ററി അദ്ദേഹം വളരെ ആസ്വദിച്ച് കണ്ടു. സ്ത്രീയും പുരുഷനും വിവാഹം കഴിക്കാതെ ഒരുമിച്ച് താമസിക്കുകയും, കുട്ടികളുണ്ടാവുകയും പിന്നീട് വിവാഹത്തിലേയ്ക്കെത്തിച്ചേരാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥയെക്കുറിച്ച് ഒരു ദിവസം ഉച്ചഭക്ഷണത്തിനിടെ മാസ്റ്റർ സംസാരിച്ചു. അദ്ദേഹം ഇതിനെ ഒരാൾ ഒരു പഴം വിലകൊടുത്ത് വാങ്ങിക്കുന്നതിനു മുമ്പേ അത് ഭക്ഷിക്കുന്നതിനോടാണുപമിച്ചത്. ഇന്ത്യയിലിത് എപ്രകാരം സാധാരണമായിത്തീരുന്നു വെന്നതിനെക്കുറിച്ച് മാസ്റ്റർ പരാമർശിച്ചു.

ജനുവരി ഒമ്പത് ബുധനാഴ്ച്ച ആശ്രമത്തിൽപോയി ഒൻപത് മണിയുടെ സത്സംഗം നടത്തുവാനും വിവാഹങ്ങൾ നടത്തിക്കൊടുക്കുവാനും മാസ്റ്റർ പദ്ധതിയിട്ടിരുന്നു. എന്നാൽ മാസ്റ്റർക്ക് നല്ല സുഖമില്ലാത്തതിനാൽ സഹോ.കമലേഷ് പട്ടേൽ സത്സംഗം നടത്തുകയും വിവാഹങ്ങൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു.

മാസ്റ്റർ 'ചാണക്യ' എന്ന ടെലിവിഷൻ സീരിയൽ കാണുകയുണ്ടായി. ചാണക്യനെപ്പറ്റി തനിക്കധികമൊന്നു മറിയില്ലായിരുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രാഷ്ട്രീയ കാര്യങ്ങളിൽ അഗ്രഗണ്യനായിരുന്നിട്ട് കൂടി ചാണക്യന്റെ മിക്ക പ്രവൃത്തികളെയും നയിച്ചത് പ്രതികാരമായിരുന്നുവെന്നാണ് തനിക്ക് തോന്നുന്നതെന്ന് അദ്ദേഹം പറഞ്ഞു. പ്രതികാര മനോഭാവം നല്ലതല്ലെന്ന് മാസ്റ്റർ കൂട്ടിച്ചേർത്തു.

## 2013 ജനുവരി 14 – പൊങ്കൽ

മാസ്റ്റർ വളരെ നേരത്തെതന്നെ തയ്യാറായി 'ഗായത്രി'യുടെ ഉമ്മറത്ത് വന്നിരുന്നു. ചെന്നൈയിലെ ശൈത്യകാലം അവസാനിക്കുന്ന സമയമാണിതെന്ന് പുറത്തെ കുളിരുള്ള കാലാവസ്ഥയും മഞ്ഞും ശ്രദ്ധിച്ചതിനുശേഷം അദ്ദേഹം അഭിപ്രായപ്പെട്ടു. ആശ്രമത്തിലെത്തിയതിനുശേഷം മാസ്റ്റർ ഓഡിയോ–വീഡിയോയുടെയും ഐടിയുടെയും പുതിയ ഓഫിസിൽ മുന്നറിയിപ്പില്ലാതെയൊരു സന്ദർശനം നടത്തി. അവിടെ വെച്ച് അദ്ദേഹം ഒരു പ്രഭാഷണം റെക്കോഡ് ചെയ്തു. അത് സത്സംഗത്തിനുശേഷം ധ്യാനമന്ദിരത്തിൽ കേൾപ്പിക്കുകയും ചെയ്തു.

മാസ്റ്റർ ഒരുമണിക്കൂർ പത്ത് മിനിറ്റുള്ള ദീർഘമായ ഒരു സത്സംഗം നടത്തി. എല്ലാവരും പൂർണ്ണമായും ലയിച്ചുപോയ ഈ സത്സംഗത്തിനുശേഷം മാസ്റ്ററെക്കണ്ട എല്ലാവർക്കും അദ്ദേഹം തിളങ്ങുന്നത്പോലെ തോന്നി. പിന്നീട് മാസ്റ്റർ കോട്ടേജിന്റെ പുനരുദ്ധാരണപ്രവൃത്തികൾ പരിശോധിക്കുവാൻ പോയി.ഉച്ചഭക്ഷണത്തിനുശേഷം അദ്ദേഹം ഗായത്രിയിലേക്ക് തിരിച്ചുപോയി.

'ഗായത്രി'യിൽ മാസ്റ്റർ താമസം തുടങ്ങിയതിന്റെ അൻപതാംവർഷികം കൂടിയായിരുന്നു അന്ന്. വൈകുന്നേരം 'ഗായത്രിയിൽ' ഗണേഷ് കുമരേഷിന്റെ സംഗീത ക്കച്ചേരിയുണ്ടായിരുന്നു. എല്ലാ പാട്ടുകളും മാസ്റ്റർ നന്നായാസ്വദിക്കുകയും അത് മറക്കാനാവാത്ത ഒരു






©Shri Ram Chandra Mission


...ri Ram Chandra Mission

പരിപാടിയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. എല്ലാ അതിഥികളെയും അത്താഴത്തിന് ക്ഷണിക്കുകയും അവർ ഭക്ഷണം കഴിച്ച് തീരുന്നതുവരെ കാത്തിരിക്കുകയും ചെയ്തുകൊണ്ട് മാസ്റ്റർ ഒരു നല്ല ആതിഥേയനായി മാറി.

ഭൂരിഭാഗവും ഇസ്താംബുളിൽ ചിത്രീകരിക്കപ്പെട്ട ഒരു സിനിമ മാസ്റ്റർ കണ്ടു. ആ സമയത്ത് അദ്ദേഹം ആ നഗരത്തിൽ പ്രവർത്തിക്കുന്നതായി അനുഭവപ്പെട്ടിരുന്നു. പിറ്റേന്ന് അവിടെ നിന്നും വന്ന ഒരു കുടുംബം മാസ്റ്ററെ സന്ദർശിച്ചു. അദ്ദേഹത്തോടവർ മിഷന്റെ തുർക്കിയിലെ വളർച്ചയെക്കുറിച്ച് സംസാരിച്ചു. അവിടെ നിന്നുമവർ ഫോട്ടോകൾ കൊണ്ടുവന്നിരുന്നു. കഴിഞ്ഞ ദിവസം കണ്ട സിനിമയിലെ രംഗങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവയെല്ലാം അദ്ദേഹം സശ്രദ്ധം കണ്ടു.

ട്രിച്ചിയിലേക്ക് പോകുന്നതിനു കുറച്ച് ദിവസങ്ങൾക്ക് മുൻപായി തന്റെ വിശ്രമാർത്ഥം ഗായത്രിയിൽ സന്ദർശകരൊന്നും വേണ്ടെന്ന് മാസ്റ്റർ അഭ്യർത്ഥിച്ചു. “മാസ്റ്ററെ സന്ദർശിക്കൽ” എന്ന് നാമകരണം ചെയ്ത സെമിനാറിൽ പങ്കെടുക്കുവാനായി യൂറോപ്പിൽ നിന്നും ഏകദേശം 200-ഓളം അഭ്യാസികൾ എത്തിച്ചേർന്നതിനാൽ ട്രിച്ചിയിലേക്കുള്ള അദ്ദേഹത്തിന്റെ യാത്ര നീട്ടിവെക്കേണ്ടി വന്നു. ഞായറാഴ്ച സത്സംഗം നടത്തുന്നതിനായി അദ്ദേഹം ആശ്രമത്തിലേക്ക് പോയി. വീണ്ടുമദ്ദേഹം സെമിനാർ ഉദ്ഘാടനത്തിനായി തിങ്കളാഴ്ച്ചയും ആശ്രമത്തിലേക്ക് പോയി. ചൊവ്വാഴ്ച്ച കാലത്ത് വിമാനമാർഗ്ഗം അദ്ദേഹം ട്രിച്ചിയിലേക്ക് പുറപ്പെട്ടു.

## ട്രിച്ചിയിൽ

മാസ്റ്ററുടെ സന്ദർശനം അറിയിക്കപ്പെട്ടതോടെ ട്രിച്ചി മുഴുവനും ആഹ്ലാദത്തിലാഴ്ന്നു. ട്രിച്ചി ആശ്രമത്തിൽ വെച്ച് ജനുവരി 21 മുതൽ 25 വരെ ഒരു പ്രിസപ്റ്റർ സെമിനാറിനായി തീരുമാനിച്ചിരുന്നു. ഇന്ത്യയിലും വിദേശത്തിൽ നിന്നുമായി ഏകദേശം 80 ഓളം വരുന്ന പ്രിസപ്റ്റർമാരുടെ സംഘത്തിനു ഒരുങ്ങിയട്രിച്ചി ആശ്രമം സ്വാഗതമേകി. 22നു ട്രിച്ചിയിലെത്തിയ മാസ്റ്റർ 23നു അവിടെ സത്സംഗം നടത്തി. പ്രിസപ്റ്റർമാരുടെ ജോലിയെക്കുറിച്ചും എങ്ങിനെ സിറ്റിംഗ് നൽകണമെന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. 25-ാം തിയ്യതി സത്സംഗത്തിനുശേഷം സാഹോദര്യത്തെക്കുറിച്ചും, ഒരുമയോടെ ജീവിക്കുന്നതിനെക്കുറിച്ചും ധ്യാനത്തിനായി സമയം കണ്ടെത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും അദ്ദേഹം സംസാരിച്ചു. 27ാം തിയ്യതി ഏകദേശം 1500ഓളം അഭ്യാസികൾ മാസ്റ്റർ നടത്തിയ സത്സംഗത്തിൽ പങ്കെടുത്തു.



## തഞ്ചാവൂരിൽ ഒരു പ്രത്യേക ദിനം

തഞ്ചാവൂർ സെന്ററിലെ അഭ്യാസികൾ ചേർന്ന് 38.87 ഏക്കർ സ്ഥലം വാങ്ങി. ഇതിൽ 12.57 ഏക്കർ മിഷനുവേണ്ടിയാണ് റജിസ്റ്റർ ചെയ്തിരിക്കുന്നത്. ബാക്കിയുള്ളത് അഭ്യാസികൾക്കുള്ള പ്ലോട്ടുകളായി തിരിച്ചിരിക്കുന്നു. ഒരു താത്കാലിക ധ്യാനമന്ദിരം, മാസ്റ്ററുടെ കോട്ടേജ്, അടുക്കള, ഒരു ചെറിയ ഡോർമിറ്ററി, കുളിമുറികളും, ശൗചാലയങ്ങളും ഇവിടെ


©Shri Ram Chandra Mission

നിർമ്മിച്ചിട്ടുണ്ട്. വളരെനാളുകളായി മാസ്റ്റർ ഇവിടെ വരുവാൻ താത്പര്യപ്പെട്ടിരുന്നെങ്കിലും അദ്ദേഹത്തിന്റെ യാത്രകളിലുള്ള നിയന്ത്രണങ്ങളും അസുഖങ്ങളും കാരണം സാധിച്ചിരുന്നില്ല.

ഇത്തവണ അദ്ദേഹം 30നു കാലത്ത് ഏകദേശം 8.20-ഓടെ ട്രിച്ചിയിൽ നിന്നും എത്തിച്ചേർന്നു. അദ്ദേഹം വളരെ ഉത്സാഹഭരിതനായി കാണപ്പെട്ടു. തഞ്ചാവൂർ ആശ്രമത്തിൽ കാല് കുത്തിയ നിമിഷം മുതൽ അദ്ദേഹം തന്റെ കുട്ടിക്കാലത്തെ ഓരോ കാര്യങ്ങളും തന്റെ പിതാമഹന്റെ കുടുംബത്തിൽ നടന്ന കാര്യങ്ങളുമെല്ലാം ഓർത്തെടുത്തു. പ്രാതലിനുശേഷം ധ്യാനമന്ദിരത്തിലേക്ക് അദ്ദേഹം നടന്ന് പോയി, തുടർന്ന് ഏകദേശം 50 മിനിറ്റോളം നീണ്ട് നിന്ന സത്സംഗം നടത്തി. സഹോ.ലിംഗുസ്വാമി (ഒരു പ്രശസ്ത തമിഴ് സിനിമ സംവിധായകൻ) തമിഴിൽ സംസാരിച്ചു, സിനിമ വ്യവസായത്തിന്റെ ഭാഗമായ സംഘർഷഭരിതമായ ജീവിതത്തിൽ എങ്ങിനെസന്തുലനത്തോടെ ജീവിച്ചുപോകുവാൻ സഹജമാർഗ്ഗം സഹായിക്കുന്നുവെന്നതിനെക്കുറിച്ച്







അദ്ദേഹം പറഞ്ഞു.

മാസ്റ്റർ പിന്നീട് തമിഴിൽ സംസാരിച്ചു. തന്റെ അസുഖം നമ്മൾക്ക് ബാബുജി മഹരാജിൽനിന്നുമുള്ള ദിവസേനയുള്ള സന്ദേശങ്ങളെന്ന, വായിക്കുന്നവർക്കെല്ലാം ഉപകാരമാവുന്ന, അനുഗ്രഹം ലഭ്യമാക്കിയെന്നദ്ദേഹം പറഞ്ഞു.

കോട്ടേജിൽ നിന്നു ധ്യാനമന്ദിരത്തിലേയ്ക്കും അവിടെയുള്ള ധ്യാനവും പ്രഭാഷണവും കഴിഞ്ഞ് തിരിച്ചും മാസ്റ്റർ നടന്നു പോയത് എല്ലാവർക്കും കൗതുകവും സന്തോഷവും പകരാൻ ഇടവരുത്തി. വിശ്രമിക്കുന്നതിനു പകരം കോട്ടേജിനു പുറത്തിരുന്ന് അരമണിക്കൂറോളം അഭ്യാസികളുമായി അദ്ദേഹം സംസാരിച്ചു. അദ്ദേഹം അഭ്യാസികളുടെ ചോദ്യോത്തരങ്ങളിൽ പങ്കുകൊണ്ടും ഒരു കൊച്ചു ബാലിക പാടിയ പാട്ടുകൾ ആസ്വദിക്കുകയും അഭ്യാസികൾ നൽകിയ പാരിതോഷികങ്ങൾ സ്വീകരിക്കുകയും ചെയ്തു. നീണ്ടുപോയ ഈ അഭിമുഖങ്ങൾ അവസാനിച്ചത് വിശ്രമിക്കാനഭ്യാസികൾ ആവശ്യപ്പെട്ടപ്പോഴായിരുന്നു.

അവിടെ തങ്ങിയ അവസരത്തിൽ സ്ഥലത്തിന്റെ പ്ലാനുകൾ മാസ്റ്റർ പരിശോധിക്കുകയും ധ്യാനമന്ദിരത്തിന്റെ സ്ഥാനം നിശ്ചയിക്കുകയും ചെയ്തു. ഉച്ചയ്ക്ക് 2.30 നു ട്രിച്ചിയിലേക്കു പോകുന്നതിനു മുൻപ് ആശ്രമ ഭൂമി മുഴുവൻ അദ്ദേഹം ചുറ്റിക്കാണുകയും വളണ്ടിയർമാരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

## 2013 ഫെബ്രുവരി 2 ശനിയാഴ്ച

ലാലാജി മഹാരാജിന്റെ ജന്മദിനാഘോഷ വേളയിൽ മാസ്റ്റർ ആശ്രമത്തിൽ സത്സംഗ് നടത്താനെത്തി. പ്രധാനകവാടം മുതൽ ധ്യാനമന്ദിരം വരെ കാത്തുനിന്നിരുന്ന എല്ലാവർക്കും ആശംസ നേർന്നുകൊണ്ടാണ് അദ്ദേഹം എത്തിയത്. ആയിരത്തിലധികം അഭ്യാസികൾ അന്നത്തെ സത്സംഗിൽ പങ്കെടുത്തു. മാസ്റ്റർ നടത്തിയ രണ്ടു വിവാഹങ്ങൾക്ക് ശേഷം സഹോ.പി ആർ



കൃഷ്ണ 'വിസ്പേർസിൽ' നിന്നുള്ള സന്ദേശം ഇംഗ്ലീഷിൽ വായിച്ചു. പിന്നീടത് റഷ്യൻ ഭാഷയിലും ഫ്രെഞ്ചിലും വായിച്ചു. സന്ദേശങ്ങൾ സ്വീകരിക്കപ്പെടുന്ന ഭാഷയെ പരാമർശിച്ച്, അവയുടെ തരംഗദൈർഘ്യവുമായി അഭ്യാസി സ്വയം താദാത്മ്യം പ്രാപിക്കുമ്പോൾ അവ സ്വീകരിക്കപ്പെടുന്നത് ഹൃദയത്തിന്റെ ഭാഷയിലാണെന്നു മാസ്റ്റർ പറഞ്ഞു. ഗുരുക്കന്മാരുടെ ജന്മദിനാഘോഷങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അഭ്യാസികളിലുള്ള സ്വാധീനത്തെക്കുറിച്ചുമാണീ സന്ദേശത്തിൽ പ്രതിപാദിക്കുന്നത്.

സത്യോദയതിന്റെ ഓഡിയോ സി.ഡി. പ്രകാശനം ചെയ്ത ശേഷം മാസ്റ്റർ ജാനകി ഫാമിലേയ്ക്ക് പോയി.

കോട്ടേജിലെത്തിയ ശേഷം അന്നത്തെ സത്സംഗിനെകുറിച്ച് സംസാരിക്കവെ "ഇന്നത്തെ ധ്യാനം വളരെ പ്രത്യേകത നിറഞ്ഞതായിരുന്നു" എന്നു മാസ്റ്റർ പറഞ്ഞു. ഇതു പറയുമ്പോൾ മാസ്റ്ററുടെ മുഖത്തെ തിളക്കം കാണേണ്ടതായിരുന്നു. സഹോ.ശശാങ്ക് അവതരിപ്പിച്ച പുല്ലാങ്കുഴൽ കച്ചേരിയ്ക്കും അതിനു ശേഷമുള്ള അത്താഴത്തിനുമായി സഹോ.കമലേഷ് ഏവരേയും ജാനകി ഫാമിലേയ്ക് ക്ഷണിച്ചു. നൂറോളം അഭ്യാസികൾ ഈയവസരത്തിൽ സന്നിഹിതരായിരുന്നു. ചെറിയ തോതിൽ ക്ഷീണിതനായിരുന്ന മാസ്റ്റർ തന്റെ കിടപ്പുമുറിയിലിരുന്ന് ആനന്ദകരമായ പുല്ലാങ്കുഴൽ വാദനം ആസ്വദിച്ചു. കച്ചേരിയ്ക്ക് ശേഷം മാസ്റ്റർ സംഗീതജ്ഞരുമായി സംസാരിച്ചു.

ഫെബ്രുവരി മൂന്നാം തിയ്യതി മാസ്റ്റർ നടത്തിയ ചെറു സത്സംഗിനു ശേഷം ക്ഷീണം കാരണം തനിയ്ക്ക് സംസാരിക്കാൻ സാധിച്ചേക്കില്ല എന്നു പറഞ്ഞു. മണപ്പാക്കത്തു നിന്നുമുള്ള ഏതാനും യൂറോപ്യൻ അഭ്യാസികൾ ആ ഒരു ദിവസത്തേയ്ക്കു മാത്രമായി എത്തിയിട്ടുണ്ടെന്നറിഞ്ഞപ്പോൾ മാസ്റ്റർ അവരെ ജാനകി ഫാമിലേയ്ക്ക് ഉച്ചഭക്ഷണത്തിനായ് ക്ഷണിച്ചു. പതിവു പോലെ അദ്ദേഹം, പോകാനുള്ള അഭ്യാസികൾ കൃത്യ സമയത്തു തന്നെ പുറപ്പെട്ടു എന്നുറപ്പു വരുത്തി.

വൈകുന്നേരത്തോടെ ആരോഗ്യമൽപ്പം മോശമായ മാസ്റ്റർക്ക് ചില പരിചരണങ്ങൾ നടത്തി. വേദനകളെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും അവ പുഞ്ചിരിയോടെ നേരിടണമെന്നതിനെക്കുറിച്ചും മാസ്റ്റർ സംസാരിച്ചു. വേദന സഹിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ പുഞ്ചിരി എല്ലാവർക്കും ഉള്ളിൽ തട്ടി.

റഷ്യയിൽ നിന്നുള്ള 40 ഓളം അഭ്യാസികളെ മാസ്റ്റർ കോട്ടേജിലേക്ക് ക്ഷണിക്കുകയും അവർക്ക് സിറ്റിംഗ് നൽകുകയും അവരുമായി സമയം ചിലവിടുകയും ചെയ്തു.

വെയിൽ കായുന്നതിനായി കുറച്ചു സമയം അദ്ദേഹം പുറത്തു വന്നിരുന്നു. ചൈനയിൽ നിന്നും തുർക്കിയിൽ നിന്നും വന്ന ഏതാനും അഭ്യാസികളും അദ്ദേഹത്തോടൊപ്പം ഇരുന്നു. സൂര്യന്റെ ചൂടേറിവന്നപ്പോൾ അദ്ദേഹം വരാന്തയിലെ ഊഞ്ഞാലിലേക്കു മാറിയിരുന്നു. കുറേ നേരമായി ഇരിക്കുകയും സംസാരിക്കുകയും ചെയ്യുന്നതിനാൽ അദ്ദേഹം വളരെ ക്ഷീണിതനായിരുന്നു. ഡോക്ടറും അദ്ദേഹത്തോടു വിശ്രമിക്കാൻ ആവശ്യപ്പെട്ടു. പെട്ടെന്നു അദ്ദേഹം ബാബുജിയെ പറ്റി



സംസാരിക്കാൻ തുടങ്ങി. ബാബുജിയെ കുറിച്ചു സംസാരിച്ചു തുടങ്ങിയതും എവിടെ നിന്നോ ഒരു പുതിയ ഊർജ്ജം അദ്ദേഹത്തിലേക്ക് ഒഴുകി വരുന്നതായി തോന്നി. അദ്ദേഹം സംസാരിച്ചു തുടങ്ങിയതും ചുറ്റുമുള്ളവർക്ക അതു ഒരു നല്ല അനുഭവമായി. അദ്ദേഹം പറഞ്ഞ ചില കാര്യങ്ങൾ ഇവിടെ ചേർക്കുന്നു: 'ഈശ്വരൻ നമുക്കു കുറച്ചു സമ്മാനങ്ങളും അവയോടൊപ്പം തന്നെ ചില ബുദ്ധിമുട്ടുകളും നൽകുന്നു. നമുക്കു ലഭിച്ച സമ്മാനങ്ങൾ ഉപയോഗിച്ചു ബുദ്ധിമുട്ടുകൾ തരണം ചെയ്യേണ്ടുന്നത് നമ്മുടെ ജോലിയാണ്. പുരോഗതിയാർജിച്ച മനസ്സുകൾ നാളെയെക്കുറിച്ച് ഓർത്തുകൊണ്ടിരിക്കില്ല. അവർ വർത്തമാനനിമിഷത്തിൽ പ്രവർത്തിക്കുന്നു. വലിയ വിദ്യാഭ്യാസമുള്ള, യുക്തിപൂർവ്വം എല്ലാം വിശകലനം ചെയ്യുന്ന മനസ്സുകളാണു എല്ലാത്തിനേയും കുറിച്ചു മുൻകൂട്ടി ചിന്തിച്ച് രൂപരേഖകൾ തയ്യാറാക്കി പ്രവർത്തിക്കുന്നത്.

വൈകുന്നേരം ആയപ്പോഴേക്കും മാസ്റ്റർ വളരെ ക്ഷീണിതനായിരുന്നു. അതിനാൽ ചില ചികിത്സകൾ ചെയ്യേണ്ടി വന്നു. അത്താഴത്തിനു ശേഷം യൂറോപ്പിൽ നിന്നുള്ള ചില അഭ്യാസികൾ മടങ്ങി പോകുന്നതിനാൽ അവരെ കാണാമെന്നു മാസ്റ്റർ സമ്മതിച്ചു. അവരെല്ലാം അകത്തേക്കു വന്നപ്പോൾ, അദ്ദേഹത്തിന്റെ സാമീപ്യം ഒന്നുകൊണ്ടു മാത്രം തന്നെ എല്ലാവരുടേയും കണ്ണുകൾ ഈറനണിഞ്ഞിരുന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന പ്രായംചെന്ന ഒരു സിസ്റ്റർ മാസ്റ്റർക്കായി തന്റെ കൊച്ചുമകൾ ആശംസകൾ അയക്കുന്നു എന്നു പറഞ്ഞു. ഇതു കേട്ട അദ്ദേഹം അവൾക്കായി ഒരു ചെറിയ സമ്മാനം നൽകി. അത് ആ സ്ത്രീ നിറകണ്ണുകളോടെ സ്വീകരിച്ചു. ഇതു കണ്ട് നിന്ന മറ്റുള്ളവരുടെ കണ്ണുകളും ഈറനണിഞ്ഞു. സ്നേഹവും, കരുണയും, നിർമ്മലതയും നിറഞ്ഞു നിൽക്കുന്ന മാസ്റ്ററുടെ ഇത്തരം പ്രവർത്തികൾ നാമെല്ലാവരും നമ്മുടെ ജീവിതത്തിലും പകർത്തേണ്ടതാണ്.

അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമായതിനാൽ ഒരു ദിവസം മുൻപെ തന്നെ ചെന്നൈയിലേക്ക് മടങ്ങി പോകാൻ തീരുമാനിച്ചു. ചൊവ്വാഴ്ച രാവിലെ 11 മണിക്കു തന്നെ ട്രിച്ചിയിൽ നിന്ന് റോഡ് മാർഗം യാത്ര ആരംഭിച്ചു. അദ്ദേഹം യാത്രാമദ്ധ്യേ വില്ലുപുരം എന്ന സ്ഥലത്ത് നിർത്തി.

വില്ലുപുരത്തുള്ള അഭ്യാസികളെ മാസ്റ്ററുടെ പരിപാടിക്രമം നേരത്തേ അറിയിച്ചിരുന്നതിനാൽ മാസ്റ്ററെ വരവേൽക്കാനുള്ള സജ്ജീകരണങ്ങൾ അവർ നേരത്തേ ഒരുക്കിയിരുന്നു. ഉച്ചക്കു 12.30 ആയപ്പോഴാണ് അദ്ദേഹം അവിടെ എത്തിയത്. അവിടെ 30 മിനിറ്റ് ദൈർഘ്യമുള്ള സത്സംഗം നടത്തുകയും അഭ്യാസികളുമായി സംവദിക്കുകയും അതിനു ശേഷം ഊണ് കഴിക്കുകയും ചെയ്തു. അദ്ദേഹം ആ ആശ്രമത്തിന് 'തപോ നിധി' എന്നു നാമകരണം ചെയ്തു. വൈകുന്നേരം 3 മണിക്ക് അദ്ദേഹം ചെന്നൈയിലേക്ക് യാത്രതിരിച്ചു. യാത്രകാരണം വളരെ ക്ഷീണിതനായതിനാൽ ചെന്നൈയിലെത്തിയതും മാസ്റ്റർ ആദ്യം വൈദ്യപരിശോധനനടത്തി. അതിനു ശേഷം നേരെ വിശ്രമിക്കാൻ പോയി.

ഒരു ദിവസം ഉച്ചയ്ക്കു ഗായത്രിയിൽ മാസ്റ്റർ യൂറോപ്പിൽ നിന്നുള്ള ചെറുപ്പക്കാരായ അഭ്യാസികളോട് സംസാരിക്കുകയായിരുന്നു. അവർ വളരെ നാളുകളായി സഹജമാർഗത്തിൽ അംഗങ്ങളാണ്. മാസ്റ്റർ അവർക്കോരോരുത്തർക്കും ഓരോ ആപ്പിൾ നൽകി. എന്നിട്ട് ഇപ്രകാരം പറഞ്ഞു. ഒരിക്കൽ ബാബുജി കുറച്ചു ദിവസം നിരാഹാരം ആചരിക്കാൻ ആവശ്യപ്പെട്ടു. അതിനുശേഷം ഒരു ആപ്പിൾ നൽകി. അപ്പോൾ മാസ്റ്റർ കത്തി തിരയാൻ തുടങ്ങി. അതു കണ്ട് ബാബുജി, കത്തി എന്തിനാണ് എന്ന് ആരാഞ്ഞു. മറുപടിയായി മാസ്റ്റർ പറഞ്ഞു, എല്ലാവർക്കും വീതിച്ചു നൽകുന്നതിനു വേണ്ടിയാണ്. അപ്പോൾ ബാബുജി പറഞ്ഞു എനിക്ക് എല്ലാവർക്കും നൽകാൻ അറിയാം, എന്നാൽ ഇത് നിങ്ങൾ മാത്രം കഴിക്കുന്നതിനായി നിങ്ങൾക്ക് തന്നതാണ്. ഈ സംഭാഷണം വഴി അദ്ദേഹം ആ ചെറുപ്പക്കാർക്കു നൽകിയ ആപ്പിൾ വീതിക്കേണ്ടതല്ല, അവർ ഓരോരുത്തരും സ്വയം കഴിക്കേണ്ടതാണ് എന്ന് എല്ലാവർക്കും വ്യക്തമാക്കി.

## റഷ്യയിൽ നിന്നും സൗത്ത് അമേരിക്കയിൽ നിന്നുമുള്ള അഭ്യാസികൾക്കായുള്ള സെമിനാർ:-

ഇത് തുടർച്ചയായി മൂന്നാം വർഷമാണ് റഷ്യയിൽ നിന്നുള്ള അഭ്യാസികൾ ഇന്ത്യയിൽ എത്തുന്നത്. റഷ്യയിൽ നിന്നുള്ള 750 അഭ്യാസികളും സൗത്ത് അമേരിക്കയിൽ നിന്നുള്ള 150 അഭ്യാസികളും മണപ്പാക്കത്ത് ഒത്തുകൂടി. ഫെബ്രുവരി 9-ാം തീയതി, സെമിനാറിന്റെ ആദ്യത്തെ ദിവസം മാസ്റ്റർ കോട്ടേജിൽ നടക്കുന്ന പണികൾ നോക്കിക്കാണുന്നതിനായി പോയി അവിടെ



നിന്നുള്ള പൊടിയടിച്ച് അദ്ദേഹത്തിന് ബുദ്ധിമുട്ടുകൾ തുടങ്ങി. അതിനാൽ മെഡിറ്റേഷൻ ഹാളിൽ സന്നിഹിതരായിരുന്ന അഭ്യാസികളോട് ഡോർമ് എ യിലേക്ക് വരാൻ അഭ്യർത്ഥിച്ചു. അവിടെ ഒരു ചെറിയ സത്സംഗം നടത്തിയശേഷം ഉടൻ തന്നെ ഗായത്രിയിലേക്കു മടങ്ങി പോയി.

സെമിനാറിന്റെ വിഷയം 'സ്നേഹവും സമർപ്പണവും' എന്നായിരുന്നു. എല്ലാവരും ഒരുമിച്ച് പരിപാടികളിൽ പങ്കെടുക്കുമ്പോഴും വ്യക്തിപരമായി ഓരോരുത്തരിലും ആന്തരീക ശുദ്ധീകരണം നടക്കുന്നത് വ്യക്തമായി കാണാമായിരുന്നു. മാസ്റ്ററുടെ സ്നേഹത്താൽ ആശ്രമം മൂടപ്പെട്ടിരുന്നു. 'മാസ്റ്ററുടെ ഉൾക്കാഴ്ച്ചയെപ്പറ്റി സ്വയം അവലോകനം ചെയ്യാനും എങ്ങിനെതങ്ങളുടെ ജീവിതം ആ ഉൾക്കാഴ്ച്ചയോട് ഇണങ്ങും വിധം ചിട്ടപ്പെടുത്തിയെടുക്കണം എന്നതിനെക്കുറിച്ചും സ്വയം അവലോകനം ചെയ്യാൻ അഭ്യാസികളോടാവശ്യപ്പെട്ടു.

സഹോദരന്മാരായ കമലേഷ് പട്ടേൽ, എ.പി.ദുരൈ, സി.രാജഗോപാലൻ, പി.ആർ.കൃഷ്ണ, ബിൽ വേകോട്ട് സമീർ സിംഗ് എൻ.എസ്.നാഗരാജ എന്നിവരുടെ പ്രചോദനാത്മകമായ പ്രഭാഷണങ്ങളിൽ നിന്നും പങ്കെടുത്തവർക്ക് വളരെയധികം നേട്ടമുണ്ടായി. സ്നേഹവും, ദൈവീക തത്വങ്ങൾ, സേവനമാണ് ജീവിതം,സഹജമാർഗ്ഗത്തിന്റെ ആത്മാവ്, എന്റെ ജീവിതത്തിൽ സഹജമാർഗ്ഗം എന്നീവിഷയങ്ങളെ ആസ്പദമാക്കിയായിരുന്നു പ്രഭാഷണങ്ങൾ.പ്രഭാഷണ വേളയിൽ കേട്ടതിനെ ഉൾക്കൊള്ളാൻ സഹായകമാകും വിധം സംഘാടകർ എല്ലാ ദിവസവും ഉച്ചയ്ക്ക് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിച്ചിരുന്നു.

രണ്ടു വ്യത്യസ്ത പ്രദേശങ്ങളിൽ നിന്നു വന്നവരായിരുന്നെങ്കിലും അവർ വളരെപ്പെട്ടെന്നു തന്നെ ഒത്തു പോവുകയും അതിനാൽ ചില സാംസ്കാരിക പരിപാടികൾ ഉരുത്തിരിയുകയും ചെയ്തു. രണ്ടു ഭൂഖണ്ഡങ്ങളിലെയും യുവാക്കൾ ചേർന്ന് ഒരു ഗാനം മാസ്റ്റർക്കായി റെക്കോർഡു ചെയ്തു കേൾപ്പിച്ചു.

അവസാനദിനമായ ഫെബ്രുവരി 17–ാം തീയതി മാസ്റ്റർ സത്സംഗം നടത്തുകയും എല്ലാവരെയും ഉച്ച ഭക്ഷണത്തിനായി ക്ഷണിക്കുകയും ചെയ്തു. അദ്ദേഹം നൽകിയ ഒരു പ്രത്യേക പാരിതോഷികമായിരുന്നു അത്. റഷ്യൻ നാടോടി നൃത്തവും, പല ഭാഷകളിലുള്ള ഗാനവും അടങ്ങിയ ഒരു ചെറിയ സാംസ്കാരിക പരിപാടി അവർ മാസ്റ്റർക്കായി അവതരിപ്പിച്ചു. പ്രപഞ്ചം ഒരു അന്തമില്ലാത്ത ആരംഭമാണെന്ന് മാസ്റ്റർ പറഞ്ഞു. ഈ ആയുസ്സിൽ തന്നെ പരമോന്നത ലക്ഷ്യം കൈവരിച്ച ചില സഹജ മാർഗ അഭ്യാസികൾ ഇന്നുണ്ടെന്ന് ഈ അടുത്ത കാലത്ത് വന്ന വിസ്പേർസ് സന്ദേശങ്ങളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഈ ആയുസ്സിൽ തന്നെ നമുക്കെല്ലാം അതു നേടാൻ സാധ്യതയുണ്ടെന്ന പ്രതീക്ഷ നൽകുകയും, സ്നേഹവും ആത്മാർപ്പണവും ആധ്യാത്മികതയുടെ മുഖ്യ ഘടകങ്ങളായി വളർത്തിയെടുക്കുകയാണെങ്കിൽ അതിനുള്ള അവസരവും മാർഗ്ഗദർശനവും നമുക്കുണ്ടാവുമെന്നും ഇതിൽ നിന്നും തെളിഞ്ഞു.

മാസ്റ്റർ പ്രശിക്ഷകരെ തയ്യാറാക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. ഈ സെമിനാറിനൊപ്പം തന്നെ സ്കോളർഷിപ്പ് പരിശീലന പരിപാടിയും നടക്കുന്നുണ്ടായിരുന്നതിനാൽ രണ്ടാഴ്ച കാലയളവിൽ മാസ്റ്റർക്ക് 36 പ്രിഫെക്റ്റുകളെ തയ്യാറാക്കേണ്ടി വന്നു. ദിവസേനയുള്ള മൂന്ന് പ്രിഫെക്റ്റ് സിറ്റിംഗ് അദ്ദേഹത്തിന്റെ മുഴുവൻ ഊർജ്ജവും ചോർത്തിയെടുക്കുന്നുണ്ട്.

## വെള്ളിയാഴ്ച ഫെബ്രുവരി 15, 2013–ബസന്ത് പഞ്ചമി

രാവിലെ അദ്ദേഹം വളരെ ക്ഷീണിതനും അവശനുമായി കാണപ്പെട്ടിരുന്നെങ്കിലും സമയത്തിനു മുൻപു തന്നെ അദ്ദേഹം തയ്യാറായി. അദ്ദേഹം ആശ്രമത്തിൽ രാവിലത്തെ സത്സംഗം നടത്തിയതിനു ശേഷം കനത്ത മഴ പെയ്യാനാരംഭിച്ചു. അന്നേദിവസത്തിന്റെ പ്രത്യേകതയും ലാലാജി മഹാരാജിന്റെ ഭൂമിയിലുള്ള ജനനത്തിന്റെയും പ്രാധാന്യം ചൂണ്ടിക്കാണിച്ച് അദ്ദേഹം ഒരു പ്രഭാഷണം നടത്തി. സത്സംഗത്തിനു മുൻപുവരെ മഴക്കു സാധ്യതയുണ്ടായിരുന്നില്ല. എന്നാൽ മഴപെയ്തു, ഇത്തരം ശുഭദിനങ്ങളിൽ ഇതൊരു നല്ല ലക്ഷണമായി കണക്കാക്കണമെന്നും നാം അതിനെ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

അതിനുശേഷം അദ്ദേഹം സഹോ.സത്ബീറിന്റെ ഗാർഡൻ ഓഫ് ഹാർടിസിലെ ഫ്ളാറ്റിലുള്ള തന്റെ നവീകരിച്ച മുറി ഉദ്ഘാടനം ചെയ്യുകയും ഞായറാഴ്ച വരെ അവിടെ തങ്ങാൻ തീരുമാനിക്കുകയും ചെയ്തു. മാസ്റ്റർ സിറ്റിങ്ങുകളിൽ മുഴുകിയിരിക്കുകയായിരുന്നു. തൊണ്ടവേദനയും ക്ഷീണവും ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ജോലിക്ക് ഒന്നും തടസ്സമായില്ല. ഞായറാഴ്ച അദ്ദേഹം നടത്തിയ സത്സംഗം 1 മണിക്കൂറും 20 മിനിറ്റും നീണ്ടതായിരുന്നു. തെക്കൻ അമേരിക്കയിൽ നിന്നും എത്തിയ അഭ്യാസികളുടെയും സ്കോളർഷിപ്പ് പരിപാടിയിൽ പങ്കെടുക്കാനെത്തിയ അഭ്യാസികളുടെയും കൂടെ അദ്ദേഹം പ്രാതൽ കഴിച്ചു. ക്ഷീണിതനായിരുന്നെങ്കിലും അദ്ദേഹത്തിനു സിറ്റിംഗുകൾ നൽകണമായിരുന്നതിനാൽ അദ്ദേഹം അത് മുഴുമിപ്പിച്ചു. എന്തിനാണ് താങ്കൾ ഇങ്ങനെ ജോലിചെയ്യുന്നതെന്ന് ഒരു അഭ്യാസി അന്വേഷിച്ചപ്പോൾ മാസ്റ്റർ ഇങ്ങനെപറഞ്ഞു " എനിക്കു അസുഖമായിരുന്നപ്പോൾ അത് സാരമില്ലായിരുന്നു, എന്നാൽ ഇപ്പോൾ ഞാൻ സുഖം പ്രാപിച്ചു അപ്പോൾ ഞാൻ



എന്റെ കർത്തവ്യം നിറവേറ്റണം, അതിൽ ഒരു കർത്തവ്യമാണ് പ്രശിക്ഷകരുടെ സിറ്റിംഗുകൾ."

മാസ്റ്റർ തന്റെ ജോലികൾ തുടർന്നു കൊണ്ടേയിരിക്കുന്നു, അതൊരിക്കലും തീരുന്നില്ല. അദ്ദേഹത്തിന്റെ ആരോഗ്യം നന്നായിരിക്കട്ടെയെന്നും എന്നത്തേയും പോലെ അദ്ദേഹം തിളങ്ങട്ടേയെന്നും പ്രാർത്ഥിക്കുന്നു.

## പുതിയ പ്രസിദ്ധീകരണങ്ങൾ




സഹജമാർഗ് മീയാൻഡെറിംഗ്സ് ഇംഗ്ലീഷ്




ഫെയ്ത് ഇംഗ്ലീഷ്




റിലിജ്യൺ ആന്റ് സ്പിരിച്ചാലിറ്റി ഇംഗ്ലീഷ്




ഹാർട്ട്സ്പീക് 2006 ഹിന്ദി




ലവ് ആന്റ് ഡെത് ഇംഗ്ലീഷ്



ഡൗൺ മെമറി ലെയിൻ വാല്യം –1 – തമിഴ്




സ്പൈഡേർസ് വെബ്–വാല്യം 1 –




മെസ്സേജസ് യൂണിവേർസൽ – വാല്യം 2 – ഹിന്ദി




റിയാലിറ്റി അറ്റ് ഡോൺ – ഓഡിയോ ബുക് – ഇംഗ്ലീഷ്

# പൂജ്യ ലാലാജി മഹാരാജിന്റെ 140–ാം ജന്മദിന ആഘോഷങ്ങൾ

## വടക്ക്

ഗുർഗാവ്, ഉത്തർ പ്രദേശ് എന്നീ സ്റ്റേറ്റുകളിലെ അലഹാബാദ്, ബാലിയാ, കാൺപൂർ, ലാൽഗഞ്ജ്, ലക്നൗ, ഗോല ഗോകറന്നാത്, മുതലായ കുറേ സെന്ററുകൾ ജന്മദിനാഘോഷങ്ങൾ വളരേ ആവേശത്തോടും ഉത്സാഹത്തോടും കൂടി സംഘടിപ്പിച്ചു. സോൺ 10ലെ ചാണ്ടിഗർ, സോണേപെറ്റ് പാട്യാല, ഭവാനി മുതലായ സെന്ററുകളിലും ആഘോഷങ്ങൾ ഒരുക്കിയിരുന്നു. ധാരാളം അഭ്യാസികൾ മൂന്നു ദിവസങ്ങളിലും പങ്കെടുത്തു.

## കിഴക്ക്

കോൽക്കത്ത, സിലിഗുരി,ഖരഗ്പൂർ എന്നീ സെന്ററുകൾ ആഘോഷങ്ങൾ ഒരുക്കുകയും അടുത്ത സെന്ററുകളിലെ അഭ്യാസികൾക്ക് ആഥിതേയത്വം വഹിക്കുകയും ചെയ്തു. പ്രഭാഷണങ്ങളും പുനർചിന്തനക്കുള്ള സമയവും, കലാപരിപാടികളും പരിപാടികളിൽ ഉൾപ്പെടുത്തിയിരുന്നു. അത് സഹജമാർഗത്തിനേക്കുറിച്ചുള്ള ധാരണകൾ കുറെ ആഴത്തിലാക്കാനുള്ള സന്ദർഭമായിരുന്നു.

## തെക്ക്

ആന്ധ്രാപ്രദേശിലെ കുർനൂൾ, വിജയവാഡ എന്നീ സെന്ററുകളിൽ മൂന്നു ദിനസമ്മേളനങ്ങൾ സംഘടിക്കപ്പെട്ടു. പങ്കെടുത്തവരുടെ ആധ്യാത്മികോന്നമനത്തിനായി അവിടെ ചർച്ചകളും, പ്രബന്ധാവതരണങ്ങളും, ചോദ്യോത്തരങ്ങളും, വിഡിയോ പ്രദർശനങ്ങളും നടത്തി. കർണാടകത്തിലെ ബാംഗളൂർ, കോലാർ, ചന്നപട്ന, ഗുൽബർഗ, ഹൂബ്ലി, ബിടാർ,റൈച്ചൂർ എന്നീ സെന്ററുകളിൽ സംഘടിപ്പിച്ച ആഘോഷങ്ങളിൽ സമീപ പ്രദേശത്തെ കുറേ അഭ്യാസികൾ പങ്കെടുത്തു. പൊതുവായ ചർച്ചകൾക്കു പുറമെ പ്രഭാഷണങ്ങളും, ഉപന്യാസമെഴുത്ത സെർറ്റിഫിക്കറ്റ് വിതരണവും നടത്തി. കേരളത്തിൽ തിരുവനന്തപുരം, ആലുവ, പയ്യന്നൂർ എന്നീ സെന്ററുകളിലും ആഘോഷങ്ങൾ ഉണ്ടായിരുന്നു. തമിഴ്നാട്ടിൽ മധുരയിൽ നടന്ന ആഘോഷങ്ങളിൽ സുമാർ ഇരുനൂറോളം അഭ്യാസികൾ പങ്കെടുത്തു.


ബികാനർ

> "സന്തോഷം പുറത്തെവിടേയും അല്ല. അതു നമ്മുടെ ശ്രദ്ധ ഏകോപിക്കുന്നതിലാണുള്ളത്, നമ്മുടെ മനസ്സിനെ പുറത്തുനിന്നും പിൻവലിച്ച് ക്രമപ്പെടുത്തി ഉറപ്പിക്കണം. ഈ രഹസ്യം അറിഞ്ഞവർക്ക് പുറത്ത് സന്തോഷം തേടേണ്ട ആവശ്യമില്ല."
>
> പൂജ്യ ലാലാജി മഹാരാജ്

## പടിഞ്ഞാറ്

ഭാരതത്തിന്റെ പടിഞ്ഞാറെ ഭാഗത്തിലുള്ള ഗുജറാത്തിലെ അഹമ്മദാബാദ്, മഹാരാഷ്ട്രയിലെ നാഗ്പൂർ, സോലാപൂർ, മുംബൈ, രാജസ്ഥാനിലെ അൽവാർ, ജോധ്പൂർ എന്നിവിടങ്ങളിലും ആഘോഷങ്ങൾ സംഘടിപ്പിച്ചിരുന്നു.


ആലുവ


മംഗലാപുരം


ഗുൽബർഗ


ഹൂബ്ലി


ഭിൽവാര


അഹമ്മദാബാദ


ചന്നപട്ടണ


മുംബൈ


മിർസാപൂർ


കാൻപൂർ


നാഗ്പൂർ


വിജയവാഡ


അലാഹബാദ്


ഫുൽഗാവ്



കർണൂൽ


വരാണസി


ലക്നൗ


കൊൽക്കത്ത


ബാംഗ്ലൂർ

# സെമിനാറുകൾ

## സോണൽ മീറ്റ്–കൊൽകത്ത



വെസ്റ്റ് ബംഗാളിലെ പല സെന്ററുകളിൽ നിന്നുമായി എഴുപതോളം അഭ്യാസികൾ ജനുവരി അഞ്ചാം തിയ്യതിയും ആറാം തിയ്യതിയും ആശ്രമത്തിൽ ഒത്തുകൂടി. ഇത്തരം കൂട്ടായ്മകൾ സന്ദർശകരായ അഭ്യാസികൾക്ക് ആത്മീയ ചൈതന്യം നിറഞ്ഞ അന്തരീക്ഷം ആസ്വദിക്കാൻ അവസരം കൊടുക്കുന്നു. ഈ മേഖലയിൽ കൊൽകത്തയും സിലിഗുരിയിലും മാത്രമെ ആശ്രമങ്ങളുള്ളു. മൂന്നാമത്തേത് ഗാങ്ങ്ടൊകിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. സത്സംഗിനുശേഷം സഹജമാർഗത്തിന്റെ അടിസ്ഥാന തത്വങ്ങളെ കുറിച്ചുള്ള ബ്രദർ മഹേഷ് ഭരധ്വാജിന്റെയും ബ്രദർ ജെസൽ മേത്തയുടെയും അവതരണമുണ്ടായിരുന്നു. തുടർന്ന് ധ്യാനം, ശുദ്ധീകരണം എന്നീ വിഷയങ്ങളെ ബ്രദർ ശരത് ജവറും സിസ്റ്റർ ലീനദാവെയും പ്രതിപാദിച്ചു. ഊണിനുശേഷം ദുർഗാപൂരിൽ നിന്നുള്ള ബ്രദർ പരിമൾ ജാനപ്രാർത്ഥനയെപ്പറ്റിയുള്ള ഒരു ക്ലാസ്സ് എടുത്തു. തുടർന്ന് രക്പൂരിൽ നിന്നുള്ള സിസ്റ്റർ ചന്ദർകാന്ത അറോറ ഡയറി എഴുത്തിനെപ്പറ്റി രസകരമായി സംസാരിച്ചു.

കൊൽക്കത്തയിലെ നൂറിലധികം അഭ്യാസികൾ രാത്രി ആശ്രമത്തിൽ തങ്ങിയിരുന്നു. പിറ്റേന്ന് മോർണിംഗ് സത്സംഗത്തിനു ശേഷം സോണൽ ഇൻ ചാർജ് ബ്രദർ അജയ് ഭട്ടർ ലക്ഷ്യത്തിനെയും അതിനു വേണ്ട പ്രയത്നത്തിനെയും ഗൗരവത്തിൽ എടുക്കേണ്ട അവശ്യകതയെപ്പറ്റി പറഞ്ഞു.അഭ്യാസികളോട് ഈ രണ്ടു ദിവസത്തെ സെമിനാറിൽ പങ്കെടുത്തിട്ടുണ്ടായ അനുഭവങ്ങൾ പങ്കുവെക്കാൻ വേണ്ടി ആവശ്യപ്പെട്ടു.



## പബ്ലിക്കേഷൻ ശില്പശാല, ഹുബ്ലി

ജനുവരി 19നും 20നും ബ്രദർ വെങ്കട്ട് റായും സംഘവും ഹുബ്ലി സെന്ററിൽ വച്ച് ഹുബ്ലി, സിർസി, ഗദങ്ങ്, നവ്നഗർ, കരൂർ, റനെബെന്നൂർ, ധർവാട്, ദാവംഗരെ, ബെൽഗൗം എന്നീ സ്ഥലങ്ങളിൽനിന്നുള്ള 45 അഭ്യാസികൾക്ക് ഒരു പരിപാടി നടത്തി. പത്തൊൻപതാം തിയ്യതി ബ്രദർ വെങ്കട്ട് സേവനത്തെപ്പറ്റി സംസാരിച്ചു. വിഷയത്തെപ്പറ്റി വിവരിക്കുന്ന മാസ്റ്ററുടെ പ്രഭാഷണങ്ങളുടെ വീഡിയോ ക്ലിപ്പിങ്ങുകൾ പ്രദർശിപ്പിച്ചു. പങ്കെടുത്തവരെ ടീമുകളായി തിരിച്ച് പല വിഷയങ്ങളിൽ നാടകങ്ങൾ അവതരിപ്പിക്കാൻ വേണ്ടി ആവശ്യപ്പെട്ടു. വിൽക്കൽ പ്രക്രിയയുടെ നടപടിക്രമങ്ങൾ വിവരിച്ചു. രണ്ടാമത്തെ ദിവസം സഹജമാർഗ സാഹിത്യം വായിക്കുന്നതിന്റെ ആവശ്യകതയായിരുന്നു വിഷയം. രാവിലെ 6 മണിക്ക് ഒരു ബുക്സ്റ്റാൾ കെട്ടാൻ വേണ്ടി വളന്റിയർമാരോടു പറഞ്ഞു. ബുക്സ്റ്റാൾ കെട്ടുമ്പോഴും വിപണനം നന്നായി നടക്കുമ്പോഴും അവരുടെ മുഖത്ത് സന്തോഷം കളിയാടിയിരുന്നു. ആശ്ചര്യകരമെന്നു പറയട്ടെ വിൽപ്പന48,000 രൂപയോളമായി. വർക്ക്ഷോപ്പ് വൈകുന്നേരം 5 മണിക്കുള്ള സത്സംഗത്തോടെയും അഭിപ്രായ സമാഹരണത്തോടെയും സമാപിച്ചു.

## അഭൈദൻപുര, ഉത്തർ പ്രദേശ്

ഫെബ്രുവരി പതിനേഴാം തിയ്യതി അഭൈദൻപുരയിലെ ഒരു സ്കൂൾ കെട്ടിടത്തിൽ വച്ച് ഒരു ഒത്തുചേരൽ നടത്തി. അതിൽ മനേജ്മെന്റ് സ്റ്റാഫ്, പ്രിൻസിപ്പൽ, ടീച്ചർമാർ, വിദ്യാർത്ഥികൾ അഭ്യാസികൾ എന്നിങ്ങനെ നൂറ്റിയൻപതോളം പേർ പങ്കെടുത്തു. ബ്രദർ സുഭാഷ് ചന്ദ്രയാണ് ഈ പരിപാടി നടത്തിയത്.



ബ്രദർ ആർ. എസ്. ഇൻഡോലിയ സഹജമാർഗത്തിനെപ്പറ്റിയും മനുഷ്യ പരിണാമത്തിൽ ധ്യാനത്തിനുള്ള പങ്കിനെപ്പറ്റിയും സംസാരിച്ചു. ബ്രദർ ജി.എസ്.ഗിൽ 'ആധുനിക ജീവിതത്തിൽ സഹജ മാർഗം' എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു.ഒരു ചോദ്യത്തിനുള്ള ഉത്തരമായി അദ്ദേഹം വിശദീകരിച്ചത് ധ്യാനത്തിലൂടെ നമ്മൾ ഏകാഗ്രത നേടുന്നുണ്ടെങ്കിലും ധ്യാനം ഏകാഗ്രത മാത്രമല്ല.

സിസ്റ്റർ ഉഷ ഗിൽ മതവും ആത്മീയതയും എന്ന വിഷയത്തെപ്പറ്റി സംസാരിച്ചു. പിന്നീട് ഒരു ചോദ്യോത്തര വേള നടത്തി. പങ്കെടുത്തവർ സഹജ മാർഗ തത്വചിന്തയെപ്പറ്റിയുള്ള പുസ്തകങ്ങൾ വാങ്ങി. ഈ പരിപാടിയുടെ അവസാനം ഭക്ഷണം ഉണ്ടായിരുന്നു.

# ഉപന്യാസമെഴുത്തിന്റെ സർട്ടിഫികെറ്റ് വിതരണം

























അിലേന്ത്യ ഉപന്യാസമെഴുത്തിൽ ജേതാക്കളായ കുട്ടികൾക്ക് സർട്ടിഫികെറ്റ് വിതരണം ഇന്ത്യയിൽ പല ഭാഗങ്ങളിൽ നടന്നു.

തിരുപ്പൂർ ചെട്ടിപ്പാളയം ആശ്രമത്തിൽ സമ്മാനം വിതരണം ചെയ്തത് ഫെബ്രവരി 3–നു ശ്രീ പ്രകാശും, മേഖല അധികാരി വിശ്വനാഥ റാവും, സി.ഐ.സി ശ്രീ.രവി സുബ്ബയ്യനുമായിരുന്നു.

ഈ ചടങ്ങ് ഗുൽബർഗയിൽ ഫെബ്രവരി 3–നുയും ഹുബ്ലിയിൽ 10–നുയും നടത്തി. ഹുബ്ലിയിൽ ധാർവാർ ജില്ലയിലെ ഡി.ഡി.പി.ഐ ശ്രീ.വരധൻ ആയിരുന്നു പ്രധാന അതിഥി. ബെല്ലാരിയിൽ എ. എസ്. എം വനിത കോളേജ് പ്രിൻസിപാൾ ഡോ. തേജസ് മൂർത്തി ആയിരുന്നു പ്രധാനഅതിഥി. ബിദാർ, റൈചൂർ എന്നിവിടങ്ങളിൽ ഈ ചടങ്ങ് നടത്തിയത് ഫെബ്രവരി 3–നു ആയിരുന്നു. തെക്കൻ കർണാടകക്കു വേണ്ടി ഈ ചടങ്ങ് നടത്തിയത് ഫെബ്രവരി 10–നു സഹോദരി സീത കുഞ്ചിതപാദമായിരുന്നു.

വടക്കൻ തമിഴ്നാട് മേഖല ഈ പരിപാടി തിരുച്ചിയിൽ വച്ചാണ് നടത്തിയത്. ആത്മ ഹോസ്പിറ്റൽ ആന്റ് റിസർച് പ്രൈവെറ്റ് ലി. ന്റെ ചെയർമാനും ഡയറക്റ്ററുമായ ഡോ. കെ. രാമകൃഷ്ണൻ മുഖ്യ അതിഥി ആയിരുന്നു. മൊറാദാബാദിൽ ഈ ചടങ്ങ് ഫെബ്രവരി 17–നു ആയിരുന്നു.

മുംബൈ, നാസിക് എന്നീ കേന്ദ്രങ്ങൾക്കായി ഈ പരിപാടി നടത്തിയത് പൻവേൽ ബാബുജി മെമോറിയൽ ആശ്രമത്തിൽ വച്ച് ഫെബ്രവരി 10–നു ആയിരുന്നു. ഇന്ത്യ സർക്കാറിന്റെ വിദേശ വ്യാപാര വിഭാഗത്തിന്റെ അഡിഷനൽ ഡൈരക്ടർ ജനറൽ ഡോ. കവിത ഗുപ്ത ഐ. എ. എസ്. ആയിരുന്നു അദ്ധ്യക്ഷൻ. സഹോദരൻ സൻജയ് ഭാട്ട്യയും സഹോദരി അനുരാധ ഭാട്ട്യയും വിശിഷ്ട അതിഥികളായിരുന്നു.

കൊൽകത്ത ബി.എം.എ യിൽ, മുംബൈ, കൊൽകത്ത എന്നീ ഹൈക്കോടതികളിൽ ജോലിചെയ്തു വിരമിച്ച ജഡ്ജി ചിത്തതോഷ് മുഖർജി ജേതാക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഈ പരിപാടിയിൽ അവർക്കു ലഭിച്ച ആശയങ്ങളും ചിന്തകളും കുട്ടികൾ അവരുടെ ജീവിതത്തിൽ പകർത്തണമെന്ന് ശ്രീ അജയ് ഭട്ടർ പറഞ്ഞു. അപ്പോൾ മാത്രമെ ഈ പരിപാടി അർഥവത്താക്കുന്നുള്ളു എന്നദ്ദേഹം പറഞ്ഞു.

സിലിഗുരി, ഡാർജീലിംഗ്, ഗാങ്ങ്ടോക് എന്നീ സ്ഥലങ്ങളിൽ നിന്നും ക്ഷണിക്കപ്പെട്ട അതിഥികൾ സിലിഗുരിയിൽ ജനവരി 27–നു ഒത്തുചേർന്നു. ഐക്യരാഷ്ട്ര സംഘടനയുടെ ഉപദേഷ്ടാവും, ഗ്യാൻ ജ്യോതി കോളേജിന്റെ പ്രിൻസിപാളും ആയ പ്രൊഫ. ജൈറാം സുരേഷ് മുഖ്യ അഥിതിയായിരുന്നു.











## കർണൂൽ ആശ്രമം ഭൂമി രജിസ്റ്റർ ചെയ്യൽ

ആശ്രമത്തിനു വേണ്ടി പത്തേക്കർസ്ഥലവും അഭ്യാസികോളനിക്കു വേണ്ടി മുപ്പതേക്കർസ്ഥലവും രജിസ്റ്റർ ചെയ്യുന്നതിനോട് അനുബന്ധിച്ച് ഡിസമ്പർ 27 –ാനു മിഷൻ ജോ.സെക്രട്ടറി സഹോ.എ.പി.ദുരൈ കർണൂലിലെത്തി. സത്സംഗത്തിനുശേഷം കർണൂലിൽനിന്നും 13 കി.മി.ദൂരെയുള്ള ബാസ്റ്റിപാഡു ഗ്രാമത്തിലുള്ള നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ചു.'മാസ്റ്ററെ എല്ലായ്പ്പോഴും സന്തോഷവാനാക്കുന്നതെങ്ങനെ' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയിൽ അദ്ദേഹം പങ്കെടുത്തു. അവതരണത്തിനുശേഷം അഭിപ്രായവ്യത്യാസങ്ങളും വേർതിരിവുകളും വെടിഞ്ഞ് മാനുഷർക്കിടയിൽ തികഞ്ഞ സാഹോദര്യം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. നമ്മുടെ ആശ്രമങ്ങൾപരമാവധി ഉപയോഗപ്പെടുത്തി മാസ്റ്ററെ സന്തുഷ്ടനാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഉച്ച ഭക്ഷണത്തിനു ശേഷം സഹജമാർഗ പരിശീലനത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ വിശദീകരിക്കപ്പെട്ടു.

സത്സംഗത്തിനു ശേഷം അദ്ധ്യാപകർക്കായി ഒരു തുറന്ന സദസ്സ് നടത്തി. അറുപത്തിരണ്ടോളം അദ്ധ്യാപകർ ഇതിൽ പങ്കെടുത്തു. ദൂരസ്ഥലങ്ങളായ നന്ദ്യാൽ, നന്ദികോട്ക്കൂർ എന്നിവിടങ്ങളിലുള്ള ചിലരും ഇതിൽപങ്കെടുത്തു.

ഡിസമ്പർ 28 സത്സംഗത്തിനു ശേഷം സ്ഥലം രജിസ്റ്റർ ചെയ്യപ്പെട്ടു. ഏകദേശം ഇരുനൂറോളം അഭ്യാസികൾ ഒത്തുകൂടിയിരുന്നു. നിർദ്ദിഷ്ട സ്ഥലത്തേയ്ക്ക് എല്ലാവരും ഇതിനുശേഷം എത്തിച്ചേർന്നു. യുവാക്കളായ ചില അഭ്യാസികളോട് ഈ സന്ദർഭത്തിൽ സംസാരിക്കുവാൻ ആവശ്യപ്പെട്ടു.അതിനുശേഷം സി.ഐ.സി സഹോ.രവീന്ദ്രനാഥ്, സോണൽ ഇൻ ചാർജ്. സഹോ.ഗംഗാധർ കൂടാതെ മറ്റു ചിലരും സംസാരിച്ചു. ആശ്രമത്തിനോട്ചേർന്ന് അഭ്യാസി കോളനി യുണ്ടാക്കുന്നതിനായി മാസ്റ്റർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ സഹോ.ദുരൈ വിശദീകരിച്ചു .സത്സംഗത്തിനു ശേഷം പരിപാടി അവസാനിച്ചു.



## സോലാപൂർ ആശ്രമം മഹാരാഷ്ട്ര

സോലാപൂർ ആശ്രമത്തിലെ ധ്യാനഹാൾ 2012 ഡിസമ്പർ 30നു മാസ്റ്റർ വീഡിയോവിലൂടെ തത്സമയം ഉദ്ഘാടനം നടത്തി. നഗരത്തിൽ നിന്നും 5 കി.മി. ദൂരെ അക്കൽക്കോട്ട് റോഡിൽ 1.5 ഏക്കർ സ്ഥലം ആശ്രമത്തിനായുണ്ട്. ഏകദേശം 3500 ച.മി.വിസ്തീർണ്ണമുള്ള ധ്യാനഹാളിൽ 850 അഭ്യാസികൾക്കിരിക്കാനാവും. അഞ്ഞൂറോളം വിവിധ മരങ്ങൾനിറഞ്ഞ ആശ്രമാന്തരീക്ഷം മാസ്റ്ററെ സന്തുഷ്ടനാക്കി. വീഡിയോ കണ്ട മാസ്റ്റർ വിശദമായി ആശ്രമം നിൽക്കുന്ന സ്ഥലത്തെപ്പറ്റി അന്വേഷിച്ചറിഞ്ഞു. ഇരുപത്തിമൂന്നു വർഷങ്ങൾക്കു മുമ്പുള്ള തന്റെ സോലാപൂർ സന്ദർശനവേളയിൽ അവിടെയുള്ള ടെലിഫോൺ ടവർ വരെ നടന്ന് അവിടത്തെ ഓഫീസിൽനിന്നും ചെന്നൈയിലുള്ള തന്റെ കുടുംബവുമായി ബന്ധപ്പെട്ടത് അദ്ദേഹം ഓർമ്മിച്ചു. ആ സ്ഥാനത്തു നിന്നും അര കി.മിദൂരെയാണ് ആശ്രമം നിലനിൽക്കുന്നത്.വീഡിയോ കണ്ടതിനുശേഷം ആശ്രമം പൂജ്യ ബാബുജി മഹാരാജിനായി സമർപ്പിച്ചു. ഈ സന്തോഷവേളയിൽ അവിടെ സന്നിഹിതരായിരുന്ന സോലാപൂർ സെന്ററിലെ അഭ്യാസികൾക്കു അദ്ദേഹം പ്രസാദം വിതരണം ചെയ്തു.

## മൊറാദാബാദ്

ജനുവരി 27 ന് 48 അഭ്യാസികൾക്കായി മൊറാദാബാദ് ആശ്രമത്തിൽവെച്ച് ഒരു പരിശീലനപരിപാടി സഹോ.രാജ് കിഷോർ നടത്തി. ചെറിയ ഗ്രൂപ്പുകളായി തിരിച്ച് നടത്തിയ പരിപാടിയിൽ നാലു ഭാഗങ്ങളുണ്ടായിരുന്നു. ആദ്യത്തെ പരിപാടിയിൽ സ്വയം വിശകലനം ചെയ്യുന്നതിനും ആന്തരിക അവബോധത്തിനും ഊന്നൽ കൊടുത്തു. വിഷയം വിശദീകരിക്കുന്നതിനു മാസ്റ്ററുടെ ഉദ്ധരണികളും അദ്ധ്യാപനങ്ങളും ധാരാളമായി ഉപയോഗിച്ചിരുന്നു. രണ്ടാമത്തെ ഭാഗത്തിൽ ധ്യാനത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളും വിശദീകരിക്കപ്പെട്ടു. അതിനായി ദൃശ്യമാദ്ധ്യമം ഉപയോഗിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട പ്രകാശ ലോകത്തുനിന്നുള്ള മന്ത്രണങ്ങളും ഉണ്ടായിരുന്നു.

മൂന്നാമത്തെ വിഭാഗത്തിൽ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിന് ഊന്നൽ നൽകി. അവർക്ക് ഒത്തൊരുമയുടെ പ്രായോഗിക പരിജ്ഞാനം നൽകുന്നതിനായി അഭ്യാസികളെ ഗ്രൂപ്പുകളായി തിരിച്ച് പ്രവൃത്തികൾ ഏൽപ്പിച്ചു. അവസാനസെഷനിൽ വീഡിയോ അവതരണത്തിനും അതിനെപ്പറ്റിയുള്ള മനനത്തിനുമായി ചിലവഴിച്ചു. പരിപാടിയുടെ അവസാനം പങ്കെടുത്തവർ തങ്ങളുടെ അഭിപ്രായങ്ങൾ പറയുകയും അനുഭവങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു.





## ട്രിച്ചി

ഫെബ്രുവരി 4 ന്ന ഭാരതിദാസൻ യൂണിവേർസിറ്റി, സുരിയൂർ, ട്രിച്ചിയിൽ ഒരു തുറന്നസദസ്സ് സംഘടിപ്പിച്ചു. പല ഡിപ്പാർട്ടുമെന്റുകളിൽ നിന്നുമായി ബിരുദാനന്തര ബിരുദക്കാർ, ഗവേഷണപണ്ഡിതർ, സാങ്കേതിക പരിജ്ഞാന ഉദ്യോഗസ്ഥർ, മറ്റുമേഖലയിലെ വിദഗ്ദ്ധർ തുടങ്ങി 60 ഓളം പേർപങ്കെടുത്തു.

ശ്രീമതി അന്നാ ജോയ്സി സ്വാഗതം പറഞ്ഞു. എസ്.ആർ.സി.എം വൈസ് പ്രസിഡെന്റ് സഹോ. കമലേഷ് പട്ടേലിനെ, സദസ്സിന്ന പരിചയപ്പെടുത്തി. അദ്ദേഹം ധ്യാനത്തിന്റെ പ്രാധാന്യത്തെയും അതിന്നപിന്നിലെ ശാസ്ത്രത്തെയും കുറിച്ചു സദസ്സിനോട് സംസാരിച്ചു. പിന്നീട് അദ്ദേഹം സദസ്സിൽ ചിലരോട് ആശയസംവാദം നടത്തി. പലരും സഹജമാർഗത്തിൽ ചേരുന്നതിന്ന താൽപര്യം പ്രകടിപ്പിച്ചു.

ഫെബ്രുവരി 12ന്ന ട്രിച്ചിയിലെ ഭാരതിയാർ യൂണിവേർസിറ്റിയിലെ സസ്യശാസ്ത്ര വിഭാഗത്തിലെ സഭാ മണ്ഡപത്തിൽവെച്ച് ഒരു തുറന്ന സദസ്സു നടത്തി. മറൈൻ ബയോടെക്നോളജി, മറൈൻ സയൻസ് വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, ഗവേഷണ പണ്ഡിതരും മറ്റു വിദഗ്ദ്ധരുമായി 50 ഓളം പേർ പങ്കെടുത്തു. സഹോ.ടി.എസ്. രഘുറാം സി.ഐ.സി, ട്രിച്ചി, സദസ്സിനെ അഭിസംബോധന ചെയ്തു. പലരും അദ്ദേഹവുമായി ആശയവിനിമയം നടത്തുകയും ചിലർ ഈ സമ്പ്രദായത്തിൽ ചേരുന്നതിന്ന താൽപര്യപ്പെടുകയും ചെയ്തു.

## ഗോലഗോകർനാഥ്, ഉത്തർപ്രദേശ്

പല സ്കൂളുകളിൽ നിന്നുമായി ഏകദേശം 110 ടീച്ചർമാർക്ക് ഒരു ശിൽപശാല ഡിസമ്പർ 20ന്ന ഗോല ഗോകർനാഥ് യു.പി. മുനേ, സഹോ.പ്രഭാത്, സോണൽ ഇൻ ചാർജ്-ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. സിസ്റ്റർ സുജാത, 'ആത്മ കേന്ദ്രീകരണം:തത്വവും പ്രവർത്തനവും' എന്ന വിഷയത്തെ കുറിച്ചും, സഹോ. പങ്കജ് 'ആധുനിക സമൂഹത്തിൽ ടീച്ചറുടെ പങ്ക്' എന്നതിനെക്കുറിച്ചും സംസാരിച്ചു. ഉച്ച ഭക്ഷണത്തിനുശേഷം സഹോ. ഹേംരാജ് 'ഇന്നത്തെ യുവാക്കളുടെ പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തെ വിശദീകരിച്ചു. പല ടീച്ചർമാരും അവരുടെ അനുഭവങ്ങൾ സദസ്സുമായി പങ്കുവെച്ചു. ശിൽപശാല നല്ല രീതിയിൽ സംഘടിപ്പിച്ചിരുന്നു. അതിന്റെ വിജയത്തിന്ന പിന്നിൽ 40 ഓളം വളന്റിയർമാരുടെ സേവനമുണ്ടായിരുന്നു.



## കേരള യാത്ര

ജോ.സെക്രട്ടറി സഹോ.എ.പി.ദുരൈ വിവിധ തുറന്ന സദസ്സുകളും ചർച്ചായോഗങ്ങളും, പ്രത്യേകിച്ചും, വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കി കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി നടത്തി. തിരുവനന്തപുരത്ത് എത്തിയ ഉടനെജനുവരി 17,18 തിയതികളിലായി സൈനിക് സ്കൂൾ, യൂണിവേർസിറ്റി കോളേജ് എന്നിവിടങ്ങളിൽനിന്നും ആരംഭിച്ചു. 19 ന് ആറ്റിങ്ങൽ, കൊല്ലം എന്നിവിടങ്ങളിലായി രണ്ടു സദസ്സിനെഅഭിസംബോധനചെയ്തു. 20 ന്ന ചെങ്ങന്നൂർ, പത്തനംതിട്ട എന്നിവിടങ്ങളിലായി വേദികളിൽ സംസാരിച്ചു. 21 ന്ന മൂന്നുവേദികൾ, കോട്ടയത്തെ മഹാത്മാഗാന്ധി യൂണിവേർസിറ്റി, കുമരനെല്ലൂർ ഹയർ സെക്കന്ററിസ്കൂൾ എന്നിവിടങ്ങളിലും വൈകുന്നേരം രാമകൃഷ്ണ സേവാശ്രം സദസ്സിനേയും അഭിമുഖീകരിച്ചു. 22 ന് ആലുവ ആശ്രമത്തിലെ അഭ്യാസികളുമായി ആശയം പങ്കുവെച്ചു. പിന്നീട് ഹയർ സെക്കന്ററി സ്കൂൾ(പറക്കടവു), ശ്രീനാരയണ ഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (കരുമാലൂർ) വിദ്യാധിരാജ വിദ്യാ ഭവൻ (ആലുവ) എന്നീവേദികളിലും പങ്കെടുത്തു.

23ന് രാവിലെ നായരമ്പലം ലോബാലിയ ഹയർ സെക്കന്ററി സ്കൂളിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു. അന്നേദിവസം വൈകുന്നേരം തൃശ്ശൂർ ആശ്രമത്തിലെ അഭ്യാസികളുമായും 24 ന്രാവിലെയുവാക്കളുമായും ആശയ വിനിമയം നടത്തി. ആമ്പല്ലൂർ സെന്ററിലെ അഭ്യാസികളുമായി സംസാരിച്ചതിനുശേഷം വൈകുന്നേരം പാലക്കാട് ആശ്രമത്തിൽവെച്ച് തുറന്ന സദസ്സ് നടത്തി. 25 ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മലപ്പുറം,കോഴിക്കോട്, വടകര എന്നിവിടങ്ങളിൽ തുറന്നസദസ്സിനെ അഭിസംബോധനചെയ്തു. അവസാനത്തെവേദി 27 ന്ന പയ്യന്നൂരിലായിരുന്നു.

ഈ വേദികളിലെല്ലാം, കുടുംബ ജീവിതം നയിച്ചുകൊണ്ട്, മൂല്യാധിഷ്ഠിത ജീവിതം നയിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി സംസാരിച്ചു. ആധുനിക മനുഷ്യനെ സംസ്കാരത്തിൽനിന്നും മുക്തനാക്കുന്നതിനും,മതവും ആത്മീയതയും തമ്മിലുള്ളവ്യത്യാസം അറിയുന്നതിനും ഈശ്വരതത്വം മനസ്സിലാക്കുന്നതിനും സഹജമാർഗം സഹായിക്കുന്നതെങ്ങനെഎന്ന് വിശദീകരിച്ചു. മൂല്യാധിഷ്ഠിത തലമുറയെ വാർത്തെടുക്കുന്നതിന് ടീച്ചർമാരുടെ ഉത്തരവാദിത്വത്തെ അദ്ദേഹം ഊന്നിപറഞ്ഞു.



## ഗുജറാത്ത് സോണൽ സമ്മേളനം –സോൺ 6(A & B)

സഹോ.സി. രാജഗോപാലൻ അഹമ്മദാബാദിൽ ജനുവരി 24 ന ഭാരവാഹികളേയും പ്രിഫക്റ്റുമാരേയും ബന്ധപ്പെടുന്നതിന് എത്തിച്ചേർന്നു. അഹമ്മദാബാദിലേയും ഗാന്ധിനഗറിലേയും പ്രിഫക്റ്റുമാരെ അഭിമു ഖീകരിച്ചു കൊണ്ട് അദ്ദേഹം, പ്രിഫക്റ്റുമാരുടെ ക്രമാനുഗതമായ പരിശീലനത്തിന്റേയും പരസ്പര സാഹോദര്യത്തിന്റേയും ആവശ്യകതയെ ഊന്നിപ്പറഞ്ഞു. ഉപസെന്ററുകളിൽ പ്രിഫക്റ്റുമാരുടെ സന്ദർശനത്തേയും അഭ്യാസികളെ മിഷൻ ജോലികൾക്ക് പരിപോഷിപ്പിക്കുന്നതിനേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

സോൺ 6A യിൽ ഉള്ള മെഹ്സാന, പാലൻപൂർ, ഹിമ്മർനഗർ, ജാംനഗർ, ഭുജ്, രാജ്കോട്ട് തുടങ്ങിയ സെന്ററുകളിലെ പ്രിസപ്റ്ററുമാരായി ജനുവരി 25 ന സംസാരിച്ചു. അദ്ദേഹം ചെറുസെന്ററുകളിലെ സംഘാടകരെ അഭിമുഖീകരിച്ചു. അടുത്തദിവസം സോൺ 6A,6B യിലെ പ്രിഫക്റ്റുമായി യോഗം സംഘടിപ്പിച്ചിരുന്നു. അതിൽ 'സാധനയും പ്രിഫക്റ്റുമാരുടെ പങ്കും' എന്ന ചോദ്യോത്തര ഭാഗവും അടങ്ങിയിരുന്നു.

27 ന സഹോ.രാജഗോപാലൻ 'സാധനയുടെ അടിസ്ഥാനം', 'എസ്.ആർ.സി.എം–ലെക്ക മുഖവുര' എന്നിവയെക്കുറിച്ച് സംസാരിച്ചു. അദ്ദേഹം നവ്സാരി, ബറോഡ, ബരൂച്ച്, അങ്ക്ളേശ്വർ, സേലംബ എന്നിവിടങ്ങളിലെ പ്രിഫക്റ്റുമാരുമായി ബന്ധപ്പെട്ടു .

മാസ്റ്ററുടെ സാന്നിദ്ധ്യം ഈ മൂന്നുദിവസങ്ങളിലും പ്രകടമായിരുന്നു. എല്ലാവരും സഹോ. രാജഗോപാലിനോട് നന്ദി പ്രകാശിപ്പിക്കുകയും മിഷന്റെ വളർച്ചയ്ക്കുവേണ്ടി അവരുടെ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു.

## സത്കോൽ ആശ്രമം, ഉത്തരാഖണ്ഡ്

സിസ്റ്റർമാരായ ഛാവി, പൂനം, വിമല ഷീയറോൻ, സഹോ. ജിഗ്നേഷ് എന്നിവരുടെ നേതൃത്വത്തിൽ ഡിസംബർ 30, 31 തിയതികളിൽ ഹിന്ദിയിൽ നടത്തിയ പ്രിഫക്റ്റ് ഡവലപ്മന്റ് പരിപാടിയിൽ ഉത്തരാഖണ്ഡിലെ നാൽപ്പത്തിനാലുപേർ പങ്കെടുത്തു.

മാസ്റ്ററുടെ ശക്തമായ സാന്നിദ്ധ്യം പ്രകടമായ ഈ വേളയിൽ എല്ലാ അഭ്യാസികളുടേയും ഹൃദയം തുറക്കലിനും സാഹോദര്യം അഭിവൃദ്ധിപ്പെടുന്നതിനും അർപ്പണ മനോഭാവത്തിനും കൂടാതെ അദ്ദേഹത്തിന്റെ സംതൃപ്തിക്കനുസരിച്ച് പ്രവർത്തന മനോഭാവത്തിനും വേദിയായി. ഓരോ ഭാഗത്തിനു ശേഷവും കഴിവ് കുറ്റമറ്റതാക്കുന്നതിനായി ചില പ്രായോഗിക പരിശീലനവും ഉണ്ടായിരുന്നു. വിസ്പറുകളിലൂടെ ഉള്ള ബാബുജി മഹാരാജിന്റെ സന്ദേശങ്ങളും മാസ്റ്ററുടെ പ്രഭാഷണങ്ങളും, പ്രദർശിപ്പിച്ചു. അവ നിശ്ശബ്ദമായ, അഗാധമായ മനനത്തിലൂടെ ആഗിരണം ചെയ്തു, അതിന്റെ ആന്തരീകാർത്ഥത്തിലേക്ക് ആഴ്ന്നിറങ്ങി, കൂടുതൽ ഉത്സാഹത്തോടെയും ഉണർവോടെയും ലക്ഷ്യ ബോധത്തോടെയും ഒരു പ്രിഫെക്റ്റിന്റെ പ്രവർത്തനത്തിന്റെ ഗൗരവം പൂർണമായി ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ സഹായകമായി.

## പ്രിഫക്റ്റ് സെമിനാർ, ട്രിച്ചി

സഹോ.സന്തോഷ് ശ്രീനിവാസന്റെ നേതൃത്വത്തിൽ, ഡിസംബർ 21 മുതൽ 25 വരെ, പ്രിഫക്റ്റുമാർക്കായി ഒരു സെമിനാർ ട്രിച്ചി ആശ്രമത്തിൽ സംഘടിപ്പിച്ചു. ഇന്ത്യയിലെ അറുപത്തിമൂന്നു പ്രിഫക്റ്റുകൾക്കു പുറമെ ചില വിദേശ രാജ്യങ്ങളിലെ പ്രിഫക്റ്റുമാരും ഈ സെമിനാറിൽ പങ്കെടുത്തു. മാസ്റ്റർ ഇതിന്റെ എല്ലാ സംരംഭത്തിലും പങ്കെടുത്തിരുന്നു. പ്രിഫക്റ്റുകൾക്കു വേണ്ടതായ അവശ്യമായ മനോഭാവം, അഭ്യാസിയുടെ സാധനഎന്നിവയ്ക്കു പുറമെ അവനവനിൽ ഏൽപ്പിക്കപ്പെട്ട അഭ്യാസികളിലും ശക്തമായ അടിത്തറ സൃഷ്ടിക്കുന്നതിൽ പ്രിഫക്റ്റുടെ പങ്കിനെനിർണ്ണയിക്കുക എന്നതായിരുന്നു ഈ സെമിനാറിന്റെ മുഖ്യ ഉദ്ദേശം.

മാസ്റ്റർ ജനുവരി 22 ന് എത്തിച്ചേർന്നു. സംഭാഷണങ്ങൾ, ആത്മപരിശോധന, കൂട്ടായചർച്ചകൾ, അവനവന്റെ പങ്ക് മുതലായ സജീവമായ പരിപാടിയിലൂടെയും സാധന, സത്സംഗം തുടങ്ങിയവയിലൂടെയും സെമിനാർ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം നടന്നു. മാസ്റ്റർ 24 ന് രാവിലെ സത്സംഗം നടത്തുകയും പ്രിഫക്റ്റ് എങ്ങനെയുള്ളവരായിരിക്കണം എന്നതിനെക്കുറിച്ചു പ്രഭാഷണം നടത്തി. എല്ലാ ദിവസവും സത്സംഗത്തോടെ തുടങ്ങി. സിറ്റിംഗ് കൊടുക്കുമ്പോൾ എങ്ങനെയാണു മാസ്റ്ററുമായി ബന്ധത്തിലിരിക്കേണ്ടത് എന്നതിന് 24 ാം തിയതി പ്രാമുഖ്യം കൊടുത്തു.

25 ന സഹോ. കമലേഷ് സത്സംഗം നടത്തുകയും പ്രിഫക്റ്റുമാരുടെ ജോലിയുടെ വിവിധ വശങ്ങളെ പ്രതിപാദിക്കുകയും ചെയ്തു. ഒരാൾ സഹജമാർഗം എത്രത്തോളം മനസ്സിലാക്കിയിട്ടുണ്ട് എന്നതിനെക്കുറിച്ചു സഹോ.കൃഷ്ണ വൈകുന്നേരം സംസാരിച്ചു. ചോദ്യോത്തര വേളയും ഉണ്ടായിരുന്നു. മാസ്റ്ററുടെ സത്സംഗത്തോടെയും പ്രഭാഷണത്തോടെയും സെമിനാർ 26 ന് അവസാനിച്ചു. എല്ലാ ദിവസവും പങ്കെടുത്തവർ സായാഹ്നം മാസ്റ്ററോടൊത്ത് ചിലവഴിച്ചു. അത്താഴം ജാനകി ഫാമിലായിരുന്നു. സെമിനാർ ഓരോരുത്തർക്കും അനുഭവങ്ങൾക്ക് ആക്കമേറ്റുവാൻ സഹായിച്ചു. വ്യക്തമായ ലക്ഷ്യത്തോടെ അവരവർക്കു പ്രവർത്തിക്കുവാൻവേണ്ട ഊർജ്ജം സംഭരിച്ചുകൊണ്ട് ഏവരും പിരിഞ്ഞു.





# യുവാക്കൾക്കുള്ള പ്രവർത്തനങ്ങൾ

## നാച്ചിപ്പാളയം ആശ്രമം, കോയമ്പത്തൂർ



ഡിസമ്പർ 29,30 തിയതികളിലായി കോയമ്പത്തൂരിലെ നാച്ചിപ്പാളയം ആശ്രമത്തിൽ വെച്ച് കോയമ്പത്തൂർ, പൊള്ളാച്ചി,പഴനി തുടങ്ങിയ സെന്ററുകളിൽനിന്നുള്ള മുപ്പതോളം യുവാക്കൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. സത്സംഗത്തോടുകൂടി തുടങ്ങിയ പരിപാടിയിൽ പരസ്പരം പരിചയപ്പെടുവാനുള്ള അവസരം ഒരുക്കി. ലക്ഷ്യം, ആഗോളവീക്ഷണത്തിൽ സഹജമാർഗം, പരിശീലനം, ഒത്തൊരുമ,സാഹോദര്യം തുടങ്ങിയവയോടുള്ള സമീപനം എന്നീ വിഷയങ്ങളിൽ ആത്മ പരിശോധനാ പരമായും പാരസ്പര്യത്തോടെയുമുള്ള കൂട്ടായ ചർച്ചകൾ നടത്തി.

ഒരു സംഘത്തെ വാർത്തെടുക്കുവാൻ സഹായകമാകുന്ന വിധത്തിലുള്ള കളികളും ഗാനങ്ങളും, പങ്കെടുക്കുന്ന അഭ്യാസികളെ ഒരു കുടുംബമെന്ന മട്ടിൽ യോജിപ്പിക്കുവാനും അവരിൽ സാഹോദര്യത്തിന്റെ മനോഭാവം വളർത്തുവാനും സഹായകമായി.

“ആദ്ധ്യാത്മിക വളർച്ചയ്ക്ക് സേവനം ഒരു സുപ്രധാനവാതിൽ” എന്ന വിഷയത്തെ അധികരിച്ച് സോണൽ ഇൻ ചാർജ് ക സഹോ.വിശ്വനാഥ റാവു സംസാരിച്ചു. ക്രസ്റ്റിനെക്കുറിച്ച് നടത്തിയ ഒരു പ്രഭാഷണം യുവാക്കളെ അവിടെ വെച്ചു നടത്തുന്ന പരിപാടികളിൽ പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിച്ചു. പ്രകാശ ലോകത്തുനിന്നുള്ള ബാബുജിയുടെ സന്ദേശങ്ങൾ,മറ്റു പ്രചോദനമേകുന്ന വീഡിയോകൾ എന്നിവ രണ്ടാമത്തെ ദിവസത്തെ പരിപാടിയുടെ ഭാഗമായിരുന്നു.

## യുവാക്കൾക്കായുള്ള സെമിനാർ, പൻവേൽ ആശ്രമം, മുംബൈ

ജനുവരി 26–27 തിയതികളിൽ പന്വേൽ ആശ്രമത്തിൽ വെച്ച് നടത്തിയ പരിപാടിയിൽ മഹാരാഷ്ട്ര,മദ്ധ്യപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സെന്ററുകളിൽ നിന്നുള്ള നൂറിലധികം അഭ്യാസികൾ പങ്കെടുത്തു. ‘മാസ്റ്ററുടെ ലക്ഷ്യപൂർത്തീകരണത്തിനായി ഒത്തൊരുമിച്ചു പ്രവർത്തിക്കുക’ എന്നതായിരുന്നു സെമിനാറിന്റെ വിഷയം. ‘ദീർഘവീക്ഷണമുള്ളവരാകുക’ എന്ന മാസ്റ്ററുടെ പ്രഭാഷണത്തിൽ ഉത്തേജിതരായ യുവാക്കൾക്ക് ഒത്തൊരുമിച്ച് ഏകതാഭാവത്തോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലായി.

‘നാസ സർവൈവൽ ഗെയിം’ പോലുള്ള കളികൾ കൂട്ടായി പ്രവർത്തിക്കുമ്പോൾ ആവശ്യമായഗുണഗണങ്ങളെ എടുത്തു കാണിച്ചു .ക്രസ്റ്റിൽ വച്ച് നടത്തിയിട്ടുള്ള പരിശീലനപരിപാടികളിൽ പങ്കെടുത്തിട്ടുള്ളവരും റിട്രീറ്റ് സെന്ററുകളിൽ താമസിച്ചിട്ടുള്ളവരും തങ്ങളുടെ അനുഭവങ്ങൾ പങ്കു വെച്ചത് മറ്റുള്ളവർക്ക് ഉത്തേജകമായി.

## ബാംഗ്ലൂർ

ജനുവരി 18–20 വരെ എൺപത്തിരണ്ടു യുവാക്കൾക്കായി ക്രസ്റ്റ്,ബാംഗളൂർ ആതിഥേയരായി. ബാംഗളൂരിൽനിന്നുള്ള അഭ്യാസികളായ ഇവരിൽ മിക്കവരും ആദ്യമായാണ് ക്രസ്റ്റിൽ വരുന്നത്.രാവിലെ 4.15 മുതൽ രാത്രി 10 മണി വരെ പങ്കെടുത്തവരെ തുടർച്ചയായി കർമ്മോത്സുകരാക്കാൻ ഇവിടത്തെ പരിപാടികൾ സഹായിച്ചു.

‘നമ്മിൽ മാറ്റം വരുത്തുവാനായി,നമ്മിലൂടെ,നമ്മിൽ തന്നെ പ്രവർത്തിക്കുക’ (സഹോ.ഗോപാലൻ),അനന്ത സാധ്യതയുടെ വിത്തുകൾ‘(സഹോ.ഭദ്രേഷ്),‘അഞ്ച് ആടുകളെക്കാൾ ഒരു സിംഹമാണ് ഭേദം’(സഹോ. ഡോക്ടർ കൃഷ്ണമൂർത്തി) തുടങ്ങിയ പ്രബന്ധങ്ങൾ പങ്കെടുത്തവരെ ഉത്സുകരാക്കുകയും അവരെ കൂടുതൽ ചിന്തിപ്പിക്കുകയും ചെയ്തു.

കളിമണ്ണു കൊണ്ടുള്ള മാതൃകകൾ ഉണ്ടാക്കൽ,ഫോട്ടോഗ്രാഫി തുടങ്ങിയ പ്രവർത്തികൾ പങ്കെടുത്തവരെ ക്രിയാത്മകമായി ചിന്തിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയുംചുറ്റുപാടുകളെ പുതിയ കാഴ്ചപ്പാടിലൂടെ കാണുവാൻ പഠിപ്പിക്കുകയും ചെയ്തു.അവരുടെ കൂട്ടായ്മയും ക്രിയാത്മകതയും വിവരണാതീതമായിരുന്നു.

പത്തു ഗ്രൂപ്പുകളും അവർക്ക് നൽകിയിരുന്ന പുസ്തകങ്ങളുടെ സാരാംശം വ്യത്യസ്ഥമായ രീതികളിൽ അവതരിപ്പിച്ചു. അവരുടെ ഉത്സാഹവും കൂട്ടായ്മയും പ്രത്യേക പരാമർശം അർഹിക്കുന്നു.തങ്ങൾക്ക് ലഭിച്ച അവസരങ്ങളെക്കുറിച്ച് പങ്കെടുത്തവർ നന്ദി പ്രകാശിപ്പിച്ചു.അതിൽനിന്നും ഉൾക്കൊണ്ട കാര്യങ്ങൾ പൂർണ്ണമായും ഉപകാരപ്രദമാകുമെന്ന് അവർ പ്രത്യാശിച്ചു.

## അഡ്‌ലജ് യോഗാശ്രമം,അഹമ്മദാബാദ്

‘ധ്യാനത്തിലൂടെ സന്തുലിതമായ ഒരു ജീവിതം നയിക്കൽ’ എന്ന വിഷയത്തെ അധികരിച്ച് നാൽപതു വയസ്സിനു താഴെ പ്രായമുള്ള വിവിധ സ്ഥാപനങ്ങളിൽനിന്നുള്ള യുവാക്കൾക്കായി ജനുവരി 6 2013 ന് ഒരു സെമിനാർ നടത്തി.





സഹോ.ജിഗ്നേഷ് ഷേലാത് നടത്തിയ രണ്ടു മണിക്കൂറോളം നീണ്ട പരിപാടിയിൽ കൂട്ടായ ചർച്ചകളും സഹജമാർഗ പദ്ധതിയെപ്പറ്റിയുള്ള വിശദീകരണവും നടന്നു.ആശാവഹമായ ഫലമായിരുന്നു ലഭിച്ചത്. ഇത്തരത്തിൽ കൂടുതൽ തുറന്ന സദസ്സുകൾ നടത്തുവാൻ നടത്തിപ്പുകാർക്ക് ഈ പരിപാടി ഉത്സാഹമേകി.

### യുവാക്കൾക്കായുള്ള പരിപാടി,അഹമ്മദ് നഗർ

'നിരന്തര സ്മരണ' യെപ്പറ്റി ഉള്ള ഒരു പരിപാടി അഹമ്മദ്നഗർ സെന്ററിൽ 2012 ഡിസമ്പർ 30 ന് നടത്തി. അവിടെ അവതരിപ്പിച്ച ഭജനം കവിതയും മാസ്റ്ററോടുള്ള സ്നേഹം അനുഭവമാക്കുന്നതായിരുന്നു. 2012 ലെ സെന്ററിന്റെ




പ്രവർത്തനത്തെ സഹോ. തപാസ് കുൽക്കർണ്ണി വിലയിരുത്തി.അതിനുശേഷം'ഉണ്മയുടെ ശബ്ദം' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി ഒരു 'ക്വിസ്' പരിപാടി നടത്തി. ബാബുജി മഹരാജിന്റെ അദ്ധ്യാപനങ്ങളെപ്പറ്റി അറിയാനും മിഷൻ പുസ്തകങ്ങൾ കൂടുതൽ വായിക്കുവാൻ അഭ്യാസികളെ പ്രേരിപ്പിക്കുവാനും ഇതുകൊണ്ട് സാധ്യമായി.സഹോദരന്മാരും സഹോദരിമാരും കുട്ടികളുമായി മൂന്നു ഗ്രൂപ്പുകളാക്കി, പരസ്പരം ഇടപഴകുവാൻ അവസരമൊരുക്കി. സാഹോദര്യം വളർത്തുവാനും പരസ്പരം അറിയുവാനും ഇത് സഹായകമായി. 'നിരന്തരസ്മരണ'യെ കുറിച്ച് ഒരു നാടകം അവതരിപ്പിക്കുകയും പുതുവർഷത്തെ എതിരേറ്റുകൊണ്ട് കേക്ക് മുറിക്കുകയും ചെയ്തു.

### വഡോദര

ആശ്രമ പരിസരത്ത് വിവിധ ചെടികൾ നട്ടുകൊണ്ട് വഡോദരയിലെ യുവ അഭ്യാസികൾ റിപ്പബ്ലിക് ദിനം ആഘോഷിച്ചു. പ്രകൃതിയെ നാം ബഹുമാനിക്കുകയും നമ്മുടെ സ്നേഹത്താൽ വേണ്ടവണ്ണം പരിപോഷിപ്പിക്കുകയും ചെയ്താൽ പ്രകൃതി നമ്മുടെ ഉത്തമ സുഹൃത്താകും.



## പ്രിഫെക്റ്റ് സെമിനാർ, ഷാജഹാൻപൂർ

ഡിസമ്പർ അവസാനവാരം ഷാജഹാൻപൂർ ആശ്രമത്തിൽ വെച്ച് 38 പ്രിഫെക്റ്റുമാർ പങ്കെടുത്ത ഒരു സെമിനാർ നടത്തി.'പരിശീലനത്തിനൊരു കളരി' എന്ന പരിപാടിയോടെ തുടക്കം കുറിച്ചു.അടുത്ത ദിവസം പങ്കെടുത്തവരെ അഞ്ചു ഗ്രൂപ്പുകളായി തിരിക്കുകയും ചർച്ചയ്ക്കായി വിവിധ വിഷയങ്ങൾ നൽകുകയും ചെയ്തു.

- ഒരു ആദർശ മാതൃകയായി എങ്ങനെസേവനം നടത്താം.
- സെന്ററിലെ വിവിധ പ്രദേശങ്ങൾക്കുറിച്ച് വ്യക്തിഗതമായ മൂല്യനിർണ്ണയം നടത്തുന്നതെങ്ങനെ
- മാസ്റ്ററുമായുള്ള ബന്ധം അഗാധമാക്കുന്നതിനായി അഭ്യാസികളെ എപ്രകാരം പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യാം?
- പരിശ്രമശാലികളായ വളന്റിയർമാരുടെ ആവശ്യമായ ഒരു നിരയുണ്ടാക്കി എപ്രകാരം അവരിൽ സാഹോദര്യവും മൈത്രിയും വളർത്താം?
- സെന്ററിന്റെ ആദ്ധ്യാത്മിക വികസനത്തിനായി ഒരു വിശദമായ പദ്ധതി ഉണ്ടാക്കൽ.

വിശദമായ അഭിപ്രായങ്ങൾക്കും ചർച്ചകൾക്കും അനുഭവം പങ്കുവെയ്ക്കലിനും ശേഷം തങ്ങളുടെ സെന്ററിലെ പോരായ്മകളെ കുറിച്ച് പങ്കെടുത്ത എല്ലാവരും ബോധവാന്മാരാകുകയും നല്ലൊരു മാറ്റത്തിനായി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.ഈ സെമിനാർ ഏവർക്കും കണ്ണു തുറപ്പിക്കുന്നതും ,വളരെ നന്നായി നടത്തിയെന്നതും പങ്കെടുത്തവരുടെ തിളക്കമാർന്ന മുഖങ്ങളിൽനിന്നും പ്രകടമായി.

## പുതിയ നിയമനങ്ങൾ

### സെന്റർ–ഇൻ–ചാർജ്

പട്യാല,പഞ്ചാബ് – സഹോ.അനിൽ വസിഷ്ഠ്

നവ്സാരി,ഗുജറാത്ത് – സഹോ.നിതിൻ നരദാസ് ഹരിയാനി

രാജ്കോട്ട്,ഗുജറാത്ത് – സഹോ.സതീഷ് ബൽവന്ത്റായ് മേഹ്ത

വാപി, ഗുജറാത്ത് – സഹോ. പ്രകാശ് ദയാറാം പട്ടേൽ

തൃപ്രയാർ,കേരള – സഹോ.എസ്. ജയ്കുമാർ

വാരണാസി,യു.പി. – സഹോ.മായാ സിംഗ്

വിശാഖപട്ടണം,എ.പി. – സഹോ.കലോചിനസപ്തമുല്ലു

ലക്നൗ,യു.പി. – സഹോ.പ്രിയദർശിനി സാക്സേന

### സോണൽ ഇൻ ചാർജ്

ഒഡിഷ – സഹോ.ഗാന്ധർഭ ബെഹെറ

മഹാരാഷ്ട്ര വെസ്റ്റ്+ ഗോവ – ഡോ.സുഭാഷ് വൈദ്യ

മഹാരാഷ്ട്ര സെന്റ്രൽ – സഹോ.അരുൺ കുമാർ ചൗഹാൻ

മഹാരാഷ്ട്ര– വിദർഭ – സഹോ.രാജേന്ദ്ര രത്തിനം

മദ്ധ്യപ്രദേശ് (വെസ്റ്റ്) – സഹോ.പ്രഭാകർ ദാസ്

മദ്ധ്യപ്രദേശ് (ഈസ്റ്റ്) – മേജർ.ജന.എ.എൻ.മുദ്രെ

ലക്നൗ, ആശ്രമ മാനേജർ – സഹോ.ഓം പ്രകാശ് ഗുലിയ

മാനേജർ മലമ്പുഴ റിട്രീറ്റ് സെന്റർ – സഹോ.കെ.ചന്ദ്രശേഖരൻ നായർ

# അൽവർ ആശ്രമം, രാജസ്ഥാൻ

## പ്രകാശ കേന്ദ്രം










"നിങ്ങളുടെ സ്വഭാവം മാസ്റ്ററെ അനുകരിച്ചാവാൻ പരിശ്രമിക്കണം. അദ്ദേഹം വിനയാന്വിതനാണെങ്കിൽ നിങ്ങളും അപ്രകാരമാകുവാൻ ശ്രമിക്കണം. അപ്രകാരമാവുമ്പോൾ വിനയം ശീലമാവും. നിങ്ങൾ വളരെയധികം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന എന്ന് അവകാശപ്പെടുന്ന വ്യക്തിയെ അനുകരിക്കാൻ ശ്രമിക്കുന്നതിലൂടെ നിങ്ങൾക്ക് നിങ്ങളുടെ സ്വഭാവം മാറ്റുന്നതിന് സാധ്യമാകും."

പി. രാജഗോപാലാചാരി, മേയ് 4.1990, പ്രിഫെക്റ്റ് സെമിനാർ സരിസ്ക

അൽവർ, രാജസ്ഥാന്റെ സിംഹകവാടം, സ്ഥിതി ചെയ്യുന്നത് ചിത്രൂപമമായ ആരവലി കുന്നുകളിലാണ്.അത്, ഡൽഹിയിൽനിന്ന് 160 കി.മി. തെക്കായും ജയ്പൂരിൽനിന്നും 150 കി.മി. വടക്കുമായാണ് സ്ഥിതി ചെയ്യുന്നത്. മഹത്തായ ആദ്ധ്യാത്മിക പാരമ്പര്യത്തിന് ആൾവാർ പ്രസിദ്ധമാണ്. സഹോ. ഗോകുൽ ഗോസ്വാമി 1989ൽ സ്ഥലം മാറി വന്നപ്പോഴാണ് ഈ സെന്റർ നിലവിൽ വന്നത്. തുടർന്ന് സഹോ. ജെ.പി.ദുബെയും ഭാര്യയും അഭ്യാസികളായി. കുറച്ചു കൊല്ലം സഹോ. ദുബെയുടെ വീട്ടിൽ സത്സംഗം തുടർന്നു. 1996 ൽ സഹോ. ദുബെ പ്രിസപ്റ്ററായി. അഭ്യസികളുടെ വർദ്ധനക്കനുസരിച്ച്, സത്സംഗം ഒരു സ്കൂളിലേക്ക് മാറ്റി.

രാജസ്ഥാൻ ദേശീയ പാതയിൽ, അംബേദ്നഗർ കോളനി എന്നറിയപ്പെടുന്ന നല്ലരീതിയിൽ വളർച്ചയുള്ള റെസിഡെൻഷ്യൽ കോളനിയിലാണ് ആശ്രമം സ്ഥിതി ചെയ്യുന്നത്. അത്, റെയിൽ വേ സ്റ്റേഷനിൽനിന്നും 0.4കി.മി. യും 0.6 കി.മി. ബസ്റ്റാന്റിനും കിഴക്കുഭാഗത്തായാണ്.

സരിസ്ക പാലസ് ഹോട്ടലിൽ 1990 മേയ് 3 മുതൽ 5 വരെ നടന്ന അന്താരാഷ്ട്ര പ്രിഫക്റ്റ് സെമിനാറിൽ പങ്കെടുക്കുന്നതിനായാണ് മാസ്റ്റർ ആദ്യമായി ആൾവാർ സന്ദർശിച്ചത്. 1999 ഒക്ടോബർ 19–20ൽ നടന്ന പ്രാദേശിക പരിപാടിയിലേക്കാണ് മാസ്റ്റർ രണ്ടാമതെത്തിയത്. അദ്ദേഹത്തിന്റെ സന്ദർശനങ്ങൾ സെന്ററിനെവളർത്തി. ഏകദേശം 300 അഭ്യാസികൾ ഇപ്പോഴുണ്ട്.

99 കൊല്ലത്തെ പാട്ടം അടിസ്ഥാനത്തിൽ സംസ്ഥാനസർക്കാർ 2051 ച. മി. അളവിലുള്ള സ്ഥലം അനുവദിച്ചു. പാട്ടക്കരാർ സെക്രട്ടറി, ഉമാശങ്കർ നവംമ്പർ 1 ന് രജിസ്റ്റർ ചെയ്തു. 2010 ജനുവരി 28 ന് മാസ്റ്റർ ഉദ്ഘാടനഫലകം പ്രകാശനം ചെയ്ത്വിടെ സന്നിഹിതരായിരുന്ന 500 ഓളം അഭ്യാസികൾക്ക് സത്സംഗം നടത്തുകയും ചെയ്തു. അതിനുശേഷം, ആൾവാറിലെ അഭ്യാസികളെ കൂടാതെ സമീപത്തുള്ള രാജ്ഘർ കൈവത്റാൽ, കോറ്റ്പുത്ളി, ബന്ദിക്കുയ്,മാഹ്വ, പില്വ തുടങ്ങിയ സെന്ററുകളിലെ അഭ്യാസികളും പല ആഘോഷങ്ങളും സ്നേഹത്തോടും ഭക്തിയോടും കൊണ്ടാടാറുണ്ട്.

26x76 അടി വലുപ്പമുള്ള ധ്യാനഹാളും, നാലു ഭാഗത്തും മതിലും പണിതിട്ടുണ്ട്. മാസ്റ്ററുടെ മുറി(മെഡിറ്റേഷൻ ഹാളിനു സമീപം), അടുക്കള ,ആശ്രമം സൂക്ഷിപ്പുകാരനുള്ള മുറി, കുളിമുറി, ശൗചാലയം, 2 ഒജ സബ്മേർസിബിൾ പമ്പ് ഉള്ള കുഴൽകിണർ തുടങ്ങിയവയും സജ്ജമാണ്. പുഷപങ്ങൾ നിറഞ്ഞ പുൽത്തകിടിയും ആശ്രമാതിർത്തിക്കകത്തും പുറത്തും നിൽക്കുന്ന വൃക്ഷങ്ങളും ചിത്രാത്മകമായ ദൃശ്യഭംഗിയാണ്. ഭാവിയിലേക്കായി 50–70 അടി ധ്യാനഹാൾ നിർമ്മാണം മുന്നോട്ട് വച്ചിട്ടുണ്ട്.

**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.